SDOF SUNDAY

Vol. 01 No. 13 THE ONLINE OFFICIAL NEWS BULLETIN OF SDOF 2026 August 16

കൊച്ചി ഭദ്രാസന തെക്കൻ മേഖലാ സമ്മേളനം

കൊച്ചി: കൊച്ചി ഭദ്രാസനത്തിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ തെക്കൻ മേഖലാ സമ്മേളനം വൈറ്റില സെന്റ് ഗ്രീഗോറിയോസ് പള്ളിയിൽ നടന്നു. ഡോ. യാക്കോബ് മാർ ഐറേനിയോസ് ഉദ്ഘാടനം ചെയ്തു.

കരുതലിന്റെ കൈത്താങ്ങായി ഭക്ഷ്യകിറ്റ് വിതരണം

തിരുവല്ല: പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് നിരണം ഭദ്രാസന കമ്മിറ്റിയുടെ നേതൃത്വത്തിൽ ഭക്ഷ്യ കിറ്റ് വിതരണം നടത്തി. പെരിങ്ങര പഞ്ചായത്തിലെ ദുരിതബാധിതർക്കാണ് പലവ്യഞ്ജനങ്ങളും, പച്ചക്കറികളും അടങ്ങിയ കിറ്റുകൾ നൽകിയത്. ഭക്ഷ്യ കിറ്റ് വിതരണം നിരണം ഭദ്രാസന മെത്രാപ്പോലീത്ത ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് പെരിങ്ങര പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആനി എബ്രഹാമിന് നൽകി ഉദ്ഘാടനം നിർവഹിച്ചു.

SDOF ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. പ്രദീപ് വർക്കി വർഗീസ്, ഭദ്രാസന സെക്രട്ടറി സതീഷ് തോമസ്, സഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ സജി മാമ്പ്രക്കുഴി, മത്തായി ടി വർഗീസ്, ഭദ്രാസന ട്രഷറർ ബീന മേരി കുര്യാക്കോസ്, റീജിയണൽ സെക്രട്ടറി അനൂപ് വർഗീസ്, ഭദ്രാസന കമ്മിറ്റി അംഗങ്ങളായ ഷിബു ടോം ഉമ്മൻ, രാജേഷ് ഈപ്പൻ ജോൺ, അനിൽ കെ. ജോർജ്, സുജ സക്കറിയ എന്നിവർ സംബന്ധിച്ചു. ഭദ്രാസന സെക്രട്ടറി സതീഷ് തോമസ് സ്വാഗതവും, ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. പ്രദീപ് വർക്കി വർഗീസ് നന്ദിയും രേഖപ്പെടുത്തി.

Goa District SDOF & SJOF Spiritual Organisation Meet, presided over by Metrapolitan Yakob Mar Elias.

പ്രവർത്തനോത്ഘാടനവും ഭദ്രാസന പ്രതിനിധി സമ്മേളനവും

കുളത്തുപ്പുഴ: തിരുവനന്തപുരം ഭദ്രാസനത്തിലെ കുളത്തുപ്പുഴ ഡിസ്ട്രിക്റ്റ് സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് പ്രവർത്തനോത്ഘാടനവും ഭദ്രാസന പ്രതിനിധി സമ്മേളനവും കുളത്തുപ്പുഴ ചോഴിയക്കോട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് നടന്നു.

തുമ്പോട് സെന്റ് കുറിയാക്കോസ് ഓർത്തഡോക്സ് ഇടവക വികാരി ഫാ. ഗീവർഗ്ഗീസ് പള്ളിവാതുക്കൽ അധ്യക്ഷത വഹിച്ച യോഗയത്തിൽ തിരുവനന്തപുരം ഭദ്രാസന SDOF വൈസ് പ്രസിഡന്റ് ഫാ. പ്രകാശ് കെ. തോമസ് ഉദ്ഘാടനം നിർവഹിച്ചു. ഫാ. കെവിൻ വർഗ്ഗീസ് ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. SDOF കേന്ദ്ര ട്രഷറർ അഡ്വ. ഉമ്മൻ ജോൺ മുഖ്യ സന്ദേശം നൽകി. SDOF ഭാരവാഹികൾ ഫാ. ഡാനിയേൽ അലക്സാണ്ടർ (ആയൂർ ഗ്രൂപ്പ് വൈസ് പ്രസിഡന്റ്), ഷിബു വർഗീസ് (റീജിയണൽ സെക്രട്ടറി), സുബോധ് ജോർജ്ജ് (ഭദ്രാസന സെക്രട്ടറി), ജോർജ്ജ് തോമസ് (ഭദ്രാസന ട്രഷറർ), ജോബി ടി. ലാൽ (ഭദ്രാസന കൗൺസിൽ അംഗം), ഷിബു ചാക്കോ, ആൻറ്റൂ, ടിൻസി ആനി മാത്യു (ഭദ്രാസന ജോയിന്റ് സെക്രട്ടറി), അരുൺ ഉമ്മൻ (ഡിസ്ട്രിക്റ്റ് സെക്രട്ടറി), റോയ് തോമസ്, ജോബിൻ അബ്രഹാം എന്നിവർ പ്രസംഗിച്ചു.

SDOF SUNDAY

Vol. 01, No. 13, 2026 August 16

Editorial Board

President
H.G. Geevarghese Mar Philoxenos

Vice President
Fr. Biju T Mathew

General Secretary
Shibu K Abraham

Treasurer
Adv. Oommen John

Publisher
Fr. V G Koshy Vaidyan
9447453341

Chief Editor
Raj Philip
9495381943

Editorial Board Members

Prinu T Mathews
Santhosh Daniel

Technical Advisor
Dr. Oommen K. Mathew

Published by Fr. V G Koshy Vaidyan on behalf of St. Dionysius Orthodox Fellowship for the glory of God and for the benefit of humankind.

Typesetting & Design
Joice Thottackad
Sophia Print House, Kottayam
Mob: 7012270083

For Private Circulation only

Send your articles and news to the following
E-mail
sdofsunday@gmail.com
or
Whatsapp No.
7012270083

സങ്കീർത്തന ധ്യാനം

ഫാ. ബിജു റ്റി. മാത്യു പുത്തൻകാവ്

10-ാം സങ്കീർത്തനം

സ്വകാര്യ സങ്കടങ്ങൾ ദൈവാന്വേഷണത്തിലേക്കുള്ള പുതുവഴിയുടെ തുറവി

ആമുഖം

9,10 സങ്കീർത്തനങ്ങൾ പ്രവാസാനന്തര സമൂഹത്തിന്റെ ആരാധനഗീതമായിട്ട് രൂപപ്പെട്ടതാണ്. ബാബിലോൺ പ്രവാസകാലത്ത് യിസ്രായേൽ ജനത അഭിമുഖീകരിക്കേണ്ടി വന്ന പീഡനങ്ങളും, ദുഷ്ടന്റെ മേലുള്ള ദൈവീകാധിപത്യത്തെക്കുറിച്ചും നീതിമാന് ലഭിക്കുന്ന സ്വർഗ്ഗീയ സംരക്ഷണവും ആണ് പ്രതിപാദ്യവിഷയം.

സംഗ്രഹം

സങ്കീ. 10 : 1-6 - ഭക്തന്റെ ആത്മാന്വേഷണവും ദുഷ്ടന്റെ അഹങ്കാരവും.
സങ്കീ. 10 : 7-11 - ദുഷ്ടന്റെ പാപവും ദൈവനിഷേധവും
സങ്കീ 10: 12-15 - വിശ്വാസിയുടെ നിലവിളിയും ദൈവത്തിന്റെ ഇടപെടലും
സങ്കീ. 10 : 16-18 - ദൈവത്തിന്റെ നിത്യരാജത്വവും നീതിയും.

1. ദുഷ്ടന്റെ പീഡനവും ചൂഷണവും നീതിമാന്റെ ദൈവാന്വേഷണവും :-

സങ്കീർത്തനം 10:1 യഹോവേ, നീ ദൂരത്തുനിൽക്കുന്നതെന്ത്? കഷ്ടകാലത്ത് നീ മറന്നുകളയുന്നതുമെന്ത്?

ദൈവത്തെ തൃജിച്ച് ജീവിക്കുന്നവരുടെ പ്രവൃത്തിയും, ഉള്ളിലെ ദുരാഗ്രഹങ്ങളും, ദൈവം കാണുന്നില്ല എന്നുള്ള ആത്മഭാരവും, കഷ്ടതയുടെയും നൊമ്പരങ്ങളുടെയും വികാരപരവും നൈമിഷികവുമായ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ ഉള്ള ഭക്താപേക്ഷകളുമാണ് ഇതിന്റെ ഉള്ളടക്കം. ഇയ്യോബ് 13:24 തിരുമുഖം മറച്ചുകൊള്ളുന്നതും എന്നെ ശത്രുവായി വിചാരിക്കുന്നതും എന്തിന്? യിരമ്യാവ് 14: 8,9 യിസ്രായേലിന്റെ പ്രത്യാശയും കഷ്ടകാലത്ത് അവന്റെ രക്ഷിതാവും ആയുള്ളോവേ, നീ ദേശത്തു പരദേശിയെപ്പോലെയും ഒരു രാപാർപ്പാൻ മാത്രം കൂടാരം അടിക്കുന്ന വഴിപ്പോക്കനെപ്പോലെയും ആയിരിക്കുന്നതെന്ത്? ഭ്രമിച്ചുപ്പോയ പുരുഷനെപ്പോലെയും രക്ഷിപ്പാൻ കഴിയാത്ത വീരനെപ്പോലെയും ആയിരിക്കുന്നതെന്ത്?

ദുഷ്ടന്റെ മിഥ്യാബോധവും മനോരഥത്തിലെ പ്രശംസയും ഈ സങ്കീർത്തനത്തിൽ ശക്തമായി വർണ്ണിക്കുകയാണ്. തങ്ങളുടെ താൽകാലികമായ ലൗകിക നേട്ടങ്ങൾ അവരെ മത്തുപിടിപ്പിച്ച് അഹങ്കാരത്തോടും ശത്രുമനോഭാവത്തോടും മറ്റുള്ളവരോട് ഇടപെടുന്നതും ഇടപഴകുന്നതും നീ കാണുന്നില്ലേ എന്നത് നീതിമാന്റെ സ്വകാര്യ ദുഃഖവും ദൈവാഭിമുഖ്യത്തിൽ വളരുവാനുള്ള കാരണങ്ങളുമായി മാറുകയാണ്. സങ്കീ. 14:1, 10:1-4 ദൈവം ഇല്ല എന്നും, 5-7 ഞാൻ ചലിക്കുകയില്ല എന്നും, ദൈവം എന്നെ കാണുന്നില്ല എന്നും, ദൈവം എന്നെ മാനിക്കുന്നില്ല എന്നും, ചിന്തിച്ച് കപടഭക്തിയിലും വഞ്ചനയിലും ഉപായത്തിലും അഹങ്കാരത്തിലും സ്വാർത്ഥതയിലും മറ്റുള്ളവരെ നിന്ദിച്ച് ദുഷ്ടൻ സംസാരിക്കുന്നു എന്നതാണ് സങ്കീർത്തനക്കാരന്റെ സംശയം.

വി. അഗസ്തിനോസ്: കഷ്ടതകളിൽ യുക്തമായ സമയത്ത് നീ അകന്നു നിൽക്കുന്നതു പോലെ തോന്നുന്നു. മനുഷ്യരുടെ മനസ്സിൽ നിന്റെ വരവിനായുള്ള ആഗ്രഹം ജ്വലിപ്പിക്കുവാനാണ് അങ്ങനെ ചെയ്യുന്നത്. കാരണം വളരെ ദാഹിച്ചിരിക്കുന്നവർക്ക് ജീവന്റെ ഉറവിടം കൂടുതൽ മധുരമുള്ളതാണ്. അതായത് ദൈവം യഥാർത്ഥത്തിൽ ഉപേക്ഷിച്ചിട്ടില്ല. ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെടാത്ത കഷ്ടതയുടെ സമയത്ത്, ദൈവത്തിനായുള്ള നമ്മുടെ ദാഹം കൂടുതൽ ആഴപ്പെടുകയാണ് ചെയ്യുന്നത്.

Philip Brooks; The Purpose of life is the building of character and mind through truth & faith in times of trouble".

2. പീഡിതന്റെ പോരാട്ടത്തിലെ നിലയ്ക്കാത്ത വിളിയും സാധുക്കളുടെ പ്രശംസയും വീണ്ടെടുപ്പും.

സങ്കീർത്തനം 14:12 യഹോവേ, എഴുന്നേൽക്കേണമെ. ദൈവമേ, തൃക്കൈ ഉയർത്തേണമെ. എളിയവരെ മറക്കരുതേ. സങ്കീ. 14:18 യഹോവേ, നീ സാധുക്കളുടെ അപേക്ഷ കേട്ടിരിക്കുന്നു. കഷ്ടതയിലും പ്രാതികൂല്യങ്ങളിലും നടുവിൽ, ദൈവം മറഞ്ഞതായി തോന്നിയാലും, അവൻ കാണുന്നു, അവൻ കേൾക്കുന്നു. അവൻ രാജാവാണ് ഒടുവിൽ ദൈവത്തിന്റെ നീതിയാണ് വിജയിക്കുന്നത് എന്നതാണ് ഇതിലെ വിവക്ഷ. എന്നുവച്ചാൽ സങ്കീ. 10:17, 18; ദരിദ്രന്റെ ഹൃദയത്തിലെ ആഗ്രഹം വെറും ഭൗതീകസഹായത്തിനുള്ള തൃഷ്ണയല്ല, കഷ്ടതയിൽ മനുഷ്യന്റെ ഹൃദയം ദൈവത്തിങ്കലേക്ക് തിരിയുമ്പോൾ, ദൈവം ആ ഹൃദയത്തിന്റെ പ്രാർത്ഥന കേൾക്കുന്നു എന്നതാണ് അർത്ഥം. ദൈവം അധരങ്ങളിൽ നിന്നുള്ള വാക്കുകൾ മാത്രം കേൾക്കുന്നവനല്ല ദൈവത്തിങ്കലേക്ക് തിരിയുന്ന ഹൃദയത്തിന്റെ ആഗ്രഹവും അവൻ കാണുകയും ചെയ്യുന്നു. അങ്ങനെ ദൈവത്തിന്റെ ഇടപെടൽ നമ്മുടെ മനോദൃഷ്ടിയിൽ പതിഞ്ഞാൽ അത് നമ്മുടെ ആത്മീയ ഒരുക്കത്തിനും ഉണർവ്വിനും പരിവർത്തനത്തിനും ഉള്ള മാർഗ്ഗങ്ങളായിത്തീരും. അപ്പോൾ അവർ ദൈവീക ജയത്തിന്റെ പങ്കുകാരും സ്വർഗ്ഗീയ ഇടപെടലും വീണ്ടെടുപ്പും അനുഭവിച്ചവരുമായി മാറും.

യഹോവ എന്നന്നേക്കും രാജാവാകുന്നു. നീ അനാഥനും പീഡിതനും ന്യായപാലനം ചെയ്യേണ്ടതിന്....

വി. അഗസ്തിനോസ്: അനാഥനെ വിധിക്കുക എന്നതും അനാഥനു വേണ്ടി വിധിക്കുക എന്നതും രണ്ടാണ്. അവനെ ശിക്ഷിക്കുന്നവനും അനാഥനെ വിധിക്കുന്നു. എന്നാൽ അവന് വേണ്ടി വിധി പ്രസ്താവിക്കുന്നവനാണ് അനാഥന് നീതി ചെയ്യുന്നത്. ഈ വാചകത്തെ ക്രിസ്തു കേന്ദ്രീകൃതമായ ആശയത്തോടു ബന്ധിപ്പിക്കുമ്പോൾ, ക്രിസ്തുവിന്റെ രണ്ടാം വരവും,

(ശേഷം 11-ാം പേജിൽ)



പ്രാർത്ഥനയിലെ ആത്മാർത്ഥത പരിശോധിക്കപ്പെടും

(വാങ്ങിപ്പുപെരുന്നാളിനുശേഷം രണ്ടാം ഞായർ. വി. യോഹന്നാൻ മാംദാനയുടെ ശിരഃഛേദത്തിന്റെ ഓർമ്മ)

വി. ലൂക്കോസ് 11:9-20

ഗീവർഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

പ്രാർത്ഥന, ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനശിലയാണ്. പ്രാർത്ഥനയിലധിഷ്ഠിതമായ ജീവിതത്തിനു മാത്രമേ ക്രിസ്തീയതയുടെ മർമ്മം രുചിച്ചറിയുവാൻ സാധിക്കൂ. മനവും മേനിയും ഒന്നുചേർന്ന്, ഒന്നിൽ വസിക്കുന്ന ഉണർവ്വിന്റെ അവസ്ഥയാണ് പ്രാർത്ഥന. അറിയാത്തതിനെ ആരാധിക്കലല്ല അത്, അറിഞ്ഞതിനെ അനുഭവിക്കലാണ്. പ്രാർത്ഥന എന്ത്? എങ്ങനെ? എപ്പോൾ? പ്രാർത്ഥനയുടെ ആവശ്യം, പ്രയോജനം ഇവയെല്ലാം യേശുക്രിസ്തു കാണിച്ചു പഠിപ്പിച്ചിട്ടുണ്ട്. പ്രാർത്ഥനയ്ക്കുള്ള പ്രോത്സാഹനം-ത്രിവിധ വാഗ്ദാനങ്ങളോടെ യേശു പഠിപ്പിക്കുന്നതാണ് ഇന്നത്തെ വി. സുവിശേഷഭാഗം (വി. ലൂക്കോസ് 11:9-20).

പ്രാർത്ഥനയ്ക്കുത്തരം - വാഗ്ദാനം

യേശുവിന്റെ വാഗ്ദാനങ്ങൾ എല്ലാം യാഥാർത്ഥ്യമുള്ളതാണ്. നടപ്പിൽ വന്നതും വരുന്നതുമായ വാഗ്ദാനങ്ങളാണ് കർത്താവ് അരുളിച്ചെയ്തിട്ടുള്ളത്. "യാചിപ്പിൻ, എന്നാൽ നിങ്ങൾക്ക് കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവീൻ എന്നാൽ നിങ്ങൾക്കു തുറക്കും" (വാ. 9). സത്യസന്ധവും നീതിപൂർവ്വവുമായ വാഗ്ദാനമാണിത്. പ്രസ്താവന അരക്കിട്ടുറപ്പിക്കുവാൻ ആവർത്തിച്ച് വ്യക്തമാക്കുന്നു "യാചിക്കുന്ന ഏവനും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു (വാ. 10).

യാചനയും അന്വേഷണവും മുട്ടലും പ്രാർത്ഥനയുടെ മൂന്നു പടികൾ ആണ്. യാചന എന്നത് മനസ്സിൽ രൂപപ്പെടുന്ന ആഗ്രഹമാണ്. അത് എവിടെ നിന്നു ലഭിക്കും എന്നതാണ് അന്വേഷണം. നേടിയെടുക്കുന്നതുവരെയുള്ള ശ്രമമാണ് മുട്ടുക എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. എല്ലാ മനുഷ്യർക്കും ആഗ്രഹങ്ങൾ ഉണ്ടാകും. അത് യാചന എന്ന ഒന്നാം പടിയിൽ നിൽക്കുന്നതാണ്. എവിടെ നിന്ന് അത് ലഭിക്കും? അത് സ്വർഗ്ഗസ്ഥനായ ദൈവത്തിൽ നിന്നു മാത്രമാണ് ലഭിക്കുന്നത്. അതിന് ദൈവമുമ്പാകെ വരണം. ദൈവത്തോട് പറയണം. ഹൃദയം നുറുങ്ങി അപേക്ഷിക്കണം. പ്രാർത്ഥനയ്ക്ക് ഉത്തരമായി വാതിൽ തുറക്കുന്നതുവരെ മുട്ടിക്കൊണ്ടിരിക്കണം.

പ്രാർത്ഥനയിലെ ആത്മാർത്ഥത പരിശോധിക്കപ്പെടുന്നതാണ്. ദൈവത്തിന്റെ വചനത്തിൽ ഉറച്ചുനിൽക്കണം; അവന്റെ കല്പനകൾ പ്രമാണിക്കണം; അവന് പ്രസാദമുള്ളത് ചെയ്യണം; കഷ്ടതയുടെയും പരിശോധനയുടെയും നടുവിൽ ദൈവത്തെ ആത്മാർത്ഥമായി വിളിച്ചപേക്ഷിക്കണം. അപ്പോഴാണ് വാഗ്ദാനം നിവർത്തിക്കപ്പെടുന്നത്; യാചനയ്ക്കും അന്വേഷണത്തിനും മുട്ടലിനും ഫല പ്രാപ്തി ഉണ്ടാകുന്നത്.

'നിങ്ങൾ എന്നിലും എന്റെ വചനം നിങ്ങളിലും വസിച്ചാൽ നിങ്ങൾ ഇച്ഛിക്കുന്നതു എന്തെങ്കിലും അപേക്ഷിപ്പീൻ; അതു നിങ്ങൾക്കു കിട്ടും' (വി. യോഹന്നാൻ 15:7). "അവന്റെ കല്പനകളെ നാം പ്രമാണിച്ചു അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ടു എന്തു യാചിച്ചാലും അവങ്കൽ നിന്നു ലഭിക്കും" (1 യോഹന്നാൻ 3:22). "മൂന്നിൽഒരംശം ഞാൻ തീയിൽ കൂടി കടത്തി വെള്ളി ഊതിക്കഴിക്കുന്നതുപോലെ അവരെ ഊതിക്കഴിക്കും; പൊന്നു ശോധന കഴിക്കുംപോലെ അവരെ ശോധന കഴിക്കും; അവർ എന്റെ നാമത്തെ വിളിച്ചപേക്ഷിക്കുകയും ഞാൻ അവർക്കു ഉത്തരമരുളുകയും ചെയ്യും" (സഖര്യാവ് 13:9).

ഊമയായ ഭൂതത്തെ പുറത്താക്കുന്നു - വിസ്മയം

യേശു ഊമയായൊരു ഭൂതത്തെ പുറത്താക്കി. ഭൂതം വിട്ടുപോയ ഊമൻ സംസാരിക്കുന്നതു ശ്രദ്ധിച്ച ജനം ആശ്ചര്യപ്പെട്ടു (വാ 14). യേശുവിന്റെ വാക്കുകളിലും പ്രവൃത്തികളിലും വിസ്മയിക്കുകയും ആശ്ചര്യപ്പെടുകയും ചെയ്ത ജനത്തെക്കുറിച്ച് നിരവധി വിശദീകരണങ്ങൾ വി. വേദപുസ്തകം നൽകുന്നുണ്ട്. (വി. മത്തായി 13: 54, 15:31, 22:22,23, വി. മർക്കോസ് 2:12, 4:41, 6:2, 7:37, 10:24, വി. ലൂക്കോസ് 2:47, 4:22,36, 8:25).

യേശുവിലുള്ള ദൈവീകതയെ അംഗീകരിക്കാതെ, അവനെ വിമർശിക്കുവാനും അവനെതിരെ ആരോപണങ്ങൾ ഉന്നയിക്കുവാനുമാണ് ജനം ശ്രമിച്ചത്. "അവരിൽ ചിലർ ഭൂതങ്ങളുടെ തലവനായ ബെയെത്സെബൂലിനെ കൊണ്ടാകുന്നു അവൻ ഭൂതങ്ങളെ പുറത്താക്കുന്നത് എന്നു പറഞ്ഞു. വേറെ ചിലർ അവനെ പരീക്ഷിച്ച് ആകാശത്തുനിന്ന് ഒരടയാളം അവനോടു ചോദിച്ചു" (വാ. 15, 16).

മുൻവിധിയോടെയാണ് ജനം യേശുവിനെ കേട്ടതും ശ്രദ്ധിച്ചതും. യേശുവിന്റെ ദേശം, കുടുംബം, മാതാപിതാക്കൾ, സഹോദരങ്ങൾ തുടങ്ങിയവയെല്ലാം ബന്ധപ്പെടുത്തിയാണ് ജനം അവനെ വീക്ഷിച്ചത്. "പലരും കേട്ടു വിസ്മയിച്ചു; ഇവന് ഇവ എവിടെ നിന്ന്? ഇവനു കിട്ടിയ ഈ ജ്ഞാനവും ഇവന്റെ കൈയാൽ നടക്കുന്ന വീര്യപ്രവൃത്തികളും എന്ത്? ഇവൻ മറിയയുടെ മകനും യാക്കോബ്, യോസേ, യൂദാ, ശീമോൻ എന്നിവരുടെ സഹോദരനുമായ തച്ചനല്ലയോ? ഇവന്റെ സഹോദരികളും ഇവിടെ നമ്മോടുകൂടെ ഇല്ലയോ എന്നു പറഞ്ഞു അവങ്കൽ ഇടറിപ്പോയി" (വി. മർക്കോസ് 6:2, 3).

വ്യക്തികളെ അളക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടത്, അവരുടെ ജാതി, മതം, വർഗ്ഗം, വർണ്ണം, ദേശം, ഭാഷ, വേഷം, ലിംഗം, കുടുംബം, മാതാപിതാക്കൾ, സഹോദരങ്ങൾ, ചരിത്രം തുടങ്ങിയവ നോക്കിയല്ല, മറിച്ച് വ്യക്തികളുടെ ദൈവികതയും നന്മയും വിശുദ്ധിയും കാലാകാലങ്ങളിൽ രൂപപ്പെടുന്ന ധാർമ്മികതയും അനുഭവിച്ചുകൊണ്ടായിരിക്കണം.

"നഥാനിയേൽ അവനോട്: 'നസറെത്തിൽ നിന്നു വല്ല നന്മയും വരുമോ എന്നു പറഞ്ഞു' (വി. യോഹ. 1:46). 'അവർ അവനോട്: നീയും ഗലീലക്കാരനോ? പരിശോധിച്ചു നോക്കുക, ഗലീലയിൽ നിന്നു പ്രവാചകൻ എഴുന്നേൽക്കുന്നില്ലല്ലോ എന്ന് ഉത്തരം പറഞ്ഞു' (വി. യോഹ. 7:52). 'ഒരു പ്രവാചകനും തന്റെ പിതൃനഗരത്തിൽ സമ്മതനല്ല' (വി. ലൂക്കോസ് 4:24) എന്ന് കർത്താവ് പറയുന്നു.

മാർ യോഹന്നാൻ മാംദാനയുടെ ശിരഃഛേദത്തിന്റെ ഓർമ്മ

മശിഹായുടെ മുന്നോടിയായ മാർ യോഹന്നാൻ മാംദാനയുടെ ശിരഃഛേദത്തിന്റെ ഓർമ്മദിനം കൂടിയാണിന്ന്. ഹേരോദാ അന്തിപ്പാസിന്, ഹേരോദ്യയുമായുള്ള അവിഹിതബന്ധത്തെ പരസ്യമായി ചോദ്യം ചെയ്തതിനാൽ യോഹന്നാനെ തടവിലാക്കി. ഹേരോദ്യയുടെ ആഗ്രഹപ്രകാരം ശിരഛേദം ചെയ്യിച്ചു (വി. മർക്കോസ് 6:28). യോഹന്നാൻ തടവിലായിരിക്കുമ്പോൾ തന്റെ ശിഷ്യന്മാരെ യേശുവിന്റെ അടുക്കലേക്കയച്ചു (വി. മത്താ. 11:3), വി, ലൂക്കോ. 7:12). യഹൂദന്മാർ പലരും യോഹന്നാന്റെ കീർത്തി പ്രസിദ്ധമാക്കി.

മരണാനന്തരം ഉയിർത്തെഴുന്നേൽക്കും എന്ന് അന്തിപ്പാസ് ഉൾപ്പെടെയുള്ളവർ വിശ്വസിച്ചു (വി. മർക്കോസ് 6:14). യോഹന്നാന്റെ ശിഷ്യന്മാർ പലരും യേശുവിന്റെ ശിഷ്യന്മാരായി. സ്ത്രീകളിൽ ജനിച്ചവരിൽ യോഹന്നാനെക്കാൾ വലിയവരാരും ഇല്ല എന്നു യേശു തന്നെ സാക്ഷ്യം നൽകി. സന്യാസജീവിതത്തിന്റേയും നീതിബോധത്തിന്റെയും അതുല്യ ഉദാഹരണമാണ് യോഹന്നാൻ സ്നാപകൻ (അപ്പോ. പ്ര. 19:3). യോഹന്നാൻ നീതിയും വിശുദ്ധിയുമുള്ള പുരുഷനാണെന്ന് അവന്റെ ശത്രുക്കൾ പോലും സാക്ഷ്യപ്പെടുത്തിയിരുന്നു (വി. മർക്കോസ് 6:20). ❑

◆ ഹൃദയം നിറഞ്ഞ ഭക്തിയോടെ ചെയ്യുന്ന പ്രാർത്ഥന ദൈവം കൈക്കൊൾകയും ഒരു അനുഗ്രഹരൂപമായി അതു നമുക്കു തിരികെ ലഭിക്കുകയും ചെയ്യും.

◆ ഈശ്വര പ്രാർത്ഥന ഈ ലോകത്തെ പല വിധത്തിലും ദൈവത്തിന്റെ പാദാരാവിന്ദങ്ങളോടു ചേർക്കുന്ന പൊന്നിൻ ചങ്ങലയത്രെ.

- പ. പരുമല തിരുമേനി

വി. കൂദാശകൾ

ഫാ. മാത്യൂസ് ജോൺ മനയിൽ

ഓർത്തഡോക്സ് സഭയെപ്പറ്റി വിശദീകരിക്കുവാൻ ഒരു വിശ്വാസിയോട് ആവശ്യപ്പെട്ടാൽ ഒന്നുമാത്രമേ പറയുവാൻ സാധിക്കു. വി. കൂദാശകളിൽ അഭിരമിക്കുകയും അവയെ തന്റെ ജീവിതത്തോട് ചേർത്തുനിർത്തുകയും ചെയ്യുന്ന സഭയാണ് ഓർത്തഡോക്സ് സഭ. കർത്താവിന്റെ ശരീരമാകുന്ന സഭയുടെ ജീവരക്തമാണ് വി. കൂദാശകൾ. വി. കൂദാശാസംബന്ധത്തിൽ കൂടി മാത്രമേ ഒരുവനു സഭാജീവിതത്തിൽ സജീവ പങ്കാളിത്തമുണ്ടാവുകയുള്ളൂ. ഇത്രയധികം ശക്തവും കാലികവുമായ വി. കൂദാശകൾ അതേ അർത്ഥത്തിൽ അനുഷ്ഠിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുന്നുണ്ടോ എന്നത് ആധുനിക ലോകത്തിൽ സഭ നേരിടുന്ന വലിയ വെല്ലുവിളിയാണ്. അതിനാൽ വി. കൂദാശ എന്താണെന്നും അതിന്റെ അർത്ഥതലങ്ങൾ എന്താണെന്നും അല്പമെങ്കിലും ബോദ്ധ്യപ്പെടേണ്ടത് ഒരു സാധാരണ വിശ്വാസിയെ സംബന്ധിച്ച് അത്യാവശ്യമായിരിക്കുന്നു.

വി. കൂദാശ എന്നാൽ എന്ത്?

'സാക്രമെന്തം' എന്നത് ലത്തീൻ വാക്കാണ്. വി. കൂദാശ എന്നതിന് ഗ്രീക്കു ഭാഷയിൽ 'മിസ്റ്റിരിയോൻ' എന്നും പറയുന്നു. മിസ്റ്റിരിയോൻ എന്നാൽ 'രഹസ്യം' എന്നാണ് അർത്ഥം. കോടതിയിൽ വ്യവഹാരം നടത്തുമ്പോൾ ഇരുകക്ഷികളും കെട്ടിവയ്ക്കുന്ന നിരതദ്രവ്യമാണ് സാക്രമെന്തം. ഇത് ജയിക്കുന്ന ആളിന് തിരികെ ലഭിക്കുകയും തോല്ക്കുന്ന ആളിനു നഷ്ടപ്പെടുകയും ചെയ്യുന്നു. ലഭിക്കുന്ന ആൾ ഈ പണം മതപരമായ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു. ഇതു വഴി അത് വിശുദ്ധമായിത്തീരുന്നു. അതിനെ സാക്രമെന്തം എന്നു വിളിച്ചു. റോമൻ പടയാളികൾ ചക്രവർത്തിയോട് ചെയ്യുന്ന പ്രതിജ്ഞക്കും സാക്രമെന്തം എന്നു പറയും. ആയത് ചക്രവർത്തിയോട് തന്റെ കൂറും വിധേയത്വവും പ്രഖ്യാപിക്കുകയാണ്. ക്രൈസ്തവ സഭയിൽ ക്രിസ്തു യേശുവിനോട് തന്റെ ബന്ധവും വിധേയത്വവും വ്യക്തമാക്കുന്ന കർമ്മാനുഷ്ഠാനങ്ങൾ എന്ന നിലയിൽ സാക്രമെന്റ് എന്ന് പേർവന്നു എന്നുവേണം കരുതുവാൻ.

ഓർത്തഡോക്സ് സഭയുടെ പഠിപ്പിക്കലിൽ "കൂദാശകൾ മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്കുവേണ്ടിയുള്ള കൃപാമാർഗ്ഗങ്ങളായി, നമ്മുടെ കർത്താവ് കല്പിച്ചു നിയമിച്ചിട്ടുള്ള അപ്രത്യക്ഷങ്ങളായ കൃപകളുടെ പ്രത്യക്ഷങ്ങളായ വിശുദ്ധകർമ്മങ്ങളാകുന്നു." നമ്മുടെ കർത്താവ് തന്റെ ശരീരമാകുന്ന സഭയിൽ കല്പിച്ച് ക്രമീകരിച്ചിട്ടുള്ളവയാണ് വി. കൂദാശകൾ ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും" (വി. മത്തായി 28:19) "എന്റെ ഓർമ്മയ്ക്കായി ഇതു ചെയ്വിൻ ("വി. ലൂക്കോസ് 22:19)."ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുമോ അവർക്കുമോചിക്കപ്പെട്ടിരിക്കുന്നു" (വി. യോഹ. 20:23). എല്ലാ കൂദാശകളും കർത്താവ് കല്പിച്ച് സഭയെ ഭരമേല്പിച്ചിട്ടുള്ളവയാണ് (വി. മത്തായി 19:6, വി. യോഹ. 17, അ. പ്രവർത്തി 13:3; 8:14 ,15) യേശുക്രിസ്തു ഈ വി. കൂദാശകൾ ഭരമേല്പിക്കുകയും തന്റെ പരസ്യജീവിതകാലത്ത് തികഞ്ഞ ഒരു യഹൂദൻ എന്ന നിലയിൽ യഹൂദമതത്തിന്റെ എല്ലാനടപടികളിലും വിധേയപ്പെടുകയും കപടആചാരങ്ങളെ വിമർശിക്കുകയും ചെയ്തവനായിരുന്നു. എട്ടാം നാൾ പരിഛേദന ഏറ്റവൻ (വി. ലൂക്കോസ് 22), പന്ത്രണ്ടാം വയസ്സിൽ പെരുന്നാളിന് സംബന്ധിച്ചവൻ (വി. ലൂക്കോസ് 2:42), ദേവാലയത്തെ ബഹുമാനിക്കുകയും (വി. മർക്കോസ് 11:17), അതിന് കരംകൊടുക്കുകയും (വി. മത്തായി 17:27), ശാബതിൽ സുന്നഗോഗിൽ പോകുകയും (വി. യോഹ. 2:10) ചെയ്തവനായ യേശു വി. മത്തായി 23-ൽ ശക്തമായ വിമർശനവും നടത്തുന്നു. ഇവിടെ ദൈവവുമായി ബന്ധിപ്പിക്കുന്ന അനുഷ്ഠാനങ്ങളെ ഇല്ലാതെയാക്കുകയല്ല ശുദ്ധീകരിക്കുകയായിരുന്നു തന്റെ ഹിതം. മനുഷ്യൻ ദൈവത്തോട് സംഭാഷിക്കുന്നതും ദൈവം മനുഷ്യനു വെളിപ്പെടുത്തുന്നതുമായ സമ്മേളനകൂടാരമാണ് ക്രിസ്തു അതായത് ദൈവമനുഷ്യസമാഗമനത്തിന്റെ കൂദാശയാണ് ക്രിസ്തു എന്നതിനാലാണ് ക്രിസ്തുവിന്റെ ശരീരമായ സഭ കൂദാശയായിതീരുന്നത്. സഭ കൂദാശയായതിനാലാണ് സഭാമക്കളുടെ വിവിധ ജീവിത നിമിഷങ്ങൾക്ക് കൗദാശികത കൈവന്നിരിക്കുന്നത്. ഇത് അവകാശമല്ല മറിച്ച് കൃപയാകുന്ന ദാനമാണ്. ഒരു പിതാവ് പറയുന്നു. "ദൈവകൃപയെന്നതു നമ്മുടെ രക്ഷക്കുവേണ്ടി യേശുമശിഹായുടെ ശ്രേഷ്ഠ പുണ്യവഴിയായി ദൈവം നമുക്ക് സൗജന്യദാനം ചെയ്യുന്ന സ്വഭാവാതീതമായ നൽവരമാകുന്നു" (വി. യോഹ. 15:5). ചുരുക്കത്തിൽ നമ്മുടെ സഭ വിശ്വസിക്കുന്നു. "ദൈവത്തിന്റെ രക്ഷാകരമായ ശക്തിയും കൃപയും മനുഷ്യനിൽ നിഗൂഢമായി (Mysteriously) പ്രവർത്തിക്കുന്ന ഒരു വിശുദ്ധകർമ്മമാകുന്നു കൂദാശ'' എന്ന്. മർമ്മം, രഹസ്യം എന്നാൽ ആന്തരികവും ആത്മീയവുമായ കൃപകൾ ബാഹ്യവും വസ്തുമയവുമായ മുഖാന്തരങ്ങളിൽ



കൂടി വിശ്വാസികൾക്ക് അനുഭവവേദ്യമാകുന്നു. അതുകൊണ്ട് തന്നെ ഈ അനുഭവം നിർവചനാതീതവും മനുഷ്യബുദ്ധിക്കും വാക്കുകൾക്കും പൂർണ്ണമായും വിധേയവുമല്ല.

കൂദാശകൾ എത്ര?

സഭാമക്കളുടെ ജീവിത നിമിഷങ്ങൾക്ക് പൂർണത നൽകുവാനുതകുന്ന എല്ലാ നടപടികളും കൗദാശികമാണ്. ആയതുകൊണ്ട് തന്നെ പൊതുവായി കൂദാശകളെ നിജപ്പെടുത്തുക എളുപ്പമല്ല. എന്നാൽ കൂദാശ ദൈവകൃപയെ അനുഭവമാക്കുന്ന ബാഹ്യകർമ്മങ്ങൾ എന്ന നിലയിൽ രണ്ടായി തരം തിരിക്കാം. പൊതുകൃപയെന്നും, കൗദാശിക കൃപയെന്നും. നമ്മെ വിശുദ്ധന്മാരും ദൈവത്താൽ സ്വീകരിക്കപ്പെട്ടവരുമാക്കുന്ന ശുദ്ധീകരണ കൃപയാണ് പൊതുകൃപ. ഇത് ക്രിസ്ത്യാനികൾ ഉൾപ്പെടെ സകലമനുഷ്യർക്കും ദൈവത്തിൽ നിന്ന് പൊതുവായി ലഭിക്കുന്നു. അതിനാൽ തന്നെ ഇതര മതങ്ങളിൽ നിന്ന് വ്യത്യസ്തമായി യാതൊരു അവസരത്തിലും വിശ്വാസികളെയും അവിശ്വാസികളെയും വേർതിരിച്ച് നിർത്തുകയും (വി. കുർബ്ബാനയിൽ ഒഴികെ) ചെയ്യുന്നില്ല. എന്നാൽ കൗദാശിക കൃപ ഓരോ കൂദാശകൾക്കും അതതിന്റെ പ്രത്യേകതകൾക്കുള്ള സാക്ഷാൽ കൃപ തക്ക സമയങ്ങളിൽ സ്വീകരിക്കുവാനുള്ള അവകാശമാകുന്നു. ഇത് തെരഞ്ഞെടുക്കപ്പെട്ടവരായ സത്യക്രിസ്ത്യാനികൾക്കു മാത്രം ലഭിക്കുന്നതുമാകുന്നു.

അതുകൊണ്ട് ആരംഭകാലത്ത് കൂദാശകൾ നിജപ്പെടുത്തിയിരുന്നില്ല. പീറ്റർലംബാർഡിന്റെ 'Sentences' എന്ന കൃതി റോമാസഭയുടെ ദൈവശാസ്ത്രത്തിന്റെ സ്രോതസ്സായി കണ്ടതിന്റെ ഫലമായി അതിൽ പറഞ്ഞിരിക്കുന്നതും വി. അഗസ്റ്റീനോസ് പഠിപ്പിക്കുന്നതുമായവയെ ഏഴ് എന്ന സംഖ്യകൊണ്ട് നിജപ്പെടുത്തി. വി. വേദപുസ്തകം ഏഴ് പൂർണ്ണതയുടെ സംഖ്യയാണെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നുണ്ടല്ലോ. അപ്രകാരം റോമാസഭ 1545-ലെ ട്രന്റ് കൗൺസിലിൽ കൂദാശകൾ ഏഴ് എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഓർത്തഡോക്സ് സഭകൾ ഇപ്രകാരം പ്രഖ്യാപനം ഒന്നും നടത്തിയിട്ടില്ല. പ്രൊട്ടസ്റ്റന്റ് സഭകൾ വി. മാമോദീസയും വി. കുർബ്ബാനയും കർത്താവ് സ്ഥാപിച്ചതാണ് എന്ന അർത്ഥത്തിൽ ഇവ രണ്ട് മാത്രം ലിസ്റ്റിൽപ്പെടുത്തുന്നു. ചുരുക്കത്തിൽ സഭയുടെ വളർച്ചയുടെ ഘട്ടത്തിൽ മാത്രം നിലവിൽ വന്നതാണ് സംഖ്യാ ക്രമം. മറിച്ച് ആദിമകാലത്തുതന്നെ നിജപ്പെടുത്തിയതും ക്രമീകരണ സ്വഭാവം നേടിയതുമല്ല. സ്വർഗ്ഗാരോഹണം ചെയ്ത കർത്താവ് സഭയെ ലോകത്തിലേക്ക് അനാഥമായി വിടുകയല്ല മറിച്ച് പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ നൽകി അവൻ പ്രവർത്തിച്ചുകൊണ്ടുമിരിക്കുന്നു. "സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും" (വി. യോഹ. 16:13). ഈ നടത്തിപ്പ് പ. സഭയ്ക്ക് വി. കൂദാശകളുടെ കാര്യത്തിലും ലഭ്യമാകുന്നു.

വി. കൂദാശകൾ ഏഴ് എന്ന് പരിഗണിക്കുമ്പോൾ വി. മാമോദിസാ, വി. മൂറോൻ, വി. കുർബ്ബാന, വി. കുമ്പസാരം, വിവാഹം, പട്ടത്വം, രോഗികളുടെ തൈലാഭിഷേകം എന്നിവയാണ്. ഇവ ഏഴും മനുഷ്യവർഗ്ഗത്തിന്റെ രക്ഷക്ക്

ആവശ്യമായിട്ടുള്ളവയും മറ്റ് അനേക കൂദാശകൾ രക്ഷിക്കപ്പെട്ട മനുഷ്യന്റെ രക്ഷയെ ശക്തീകരിക്കുവാൻ സഹായിക്കുന്നവയുമാണ്. ഒരു കൂദാശാനുഷ്ഠാനം സാധുവായി തീരണമെങ്കിൽ അഞ്ചുകാര്യങ്ങൾ നിശ്ചയമായും പൂർത്തീകരിക്കപ്പെടണമെന്ന് സഭ പഠിപ്പിക്കുന്നു.

1. കർത്താവ് കല്പിച്ച് നിയമിച്ചതായിരിക്കണം.
2. അതിൽ ഒരു നിശ്ചിത സാധനം ഉണ്ടായിരിക്കണം.
3. അപ്പോസ്തോല പിൻതുടർച്ചയോടുകൂടിയ കൈവപ്പുള്ള ഒരു പട്ടക്കാരൻ അത് അനുഷ്ഠിക്കണം.
4. അത് അനുഷ്ഠിക്കുവാൻ സഭ നിശ്ചയിച്ച ഒരു മാതൃകക്രമം ഉണ്ടായിരിക്കണം.
5. അതിൽ ഒരു സ്വീകാരകൻ (വിശ്വാസി) ഉണ്ടായിരിക്കണം.

കൂദാശയുടെ ആവശ്യകത

ആധുനിക ലോകക്രമം കൂദാശകൾ അനാവശ്യവും സമയനഷ്ടം വരുത്തുന്നവയും എന്നു കരുതുകയും ആഘോഷാവസരങ്ങളാക്കി മാറ്റുകയും ചെയ്യുന്നു. ഇതിന് നമ്മുടെ തലമുറയും വിധേയപ്പെട്ടുകൊണ്ടിരിക്കുകയുമാണ്. ഇവിടെ വി. കൂദാശകൾ ദൈവം സഭയെ ഭരമേല്പിച്ചവയാണെന്നതിനാൽ സഭയോടും സഭയുടെ തലയാകുന്ന ക്രിസ്തുവിനോടും അന്യപ്പെട്ട കൂദാശകൾ നമുക്കില്ല. എന്നാൽ മനുഷ്യൻ ജീവിക്കുന്നത് ലോകത്തിലാകയാൽ, ലോകത്തിൽ ജീവിക്കുന്ന മനുഷ്യന് ദൈവത്തോട് ബന്ധപ്പെടുവാൻ ലഭിച്ചിട്ടുള്ള മുഖാന്തിരമായി വി. കൂദാശകൾ സ്വീകരിക്കപ്പെടണം. "ലോകത്തിൽനിന്ന് എടുക്കണമെന്നല്ല ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം അവരെ കാത്തുകൊള്ളേണം എന്നത്രേ" (വി. യോഹ. 17:15) കർത്താവ് പ്രാർത്ഥിച്ചത്. ലോകത്തിലെ സഭയ്ക്ക് തമ്മിൽ തമ്മിലുള്ള ബന്ധത്തിനും സഭാജീവിതത്തിലെ ആത്മീയ അനുഭവത്തിനും ദൃശ്യമായ മുഖാന്തിരങ്ങളും അത്യന്താപേക്ഷിതമാണ്. അതായത് ആത്മീയ അനുഭവങ്ങൾ ഭൗതിക മുഖാന്തിരങ്ങളിൽ കൂടെയും സാമൂഹ്യബന്ധങ്ങളിൽകൂടെയും സ്വീകരിക്കുന്നതിനുള്ള പദവിയായാണ്, ഉപാധിയായാണ് വി. കൂദാശകൾ കർത്താവ് സഭ വഴിയായി തന്റെ മക്കൾക്ക് നൽകിയിരിക്കുന്നത്.

ഈ കൂദാശകളെക്കുറിച്ച് പൊതുവായി പണ്ഡിതന്മാർ ഇങ്ങനെ പറയുന്നു.

1. കൂദാശകൾ ദൈവകൃപയെ പ്രദാനം ചെയ്യുന്നു.
2. ദൈവവിശ്വാസം വർദ്ധിപ്പിക്കുന്നു.
3. സഭക്കുള്ളിൽ ഐക്യവും അർപ്പണബോധവും വർദ്ധിപ്പിക്കുന്നു.
4. ദൈവീക വാഗ്ദത്തങ്ങളെക്കുറിച്ച് വിശ്വാസികൾക്ക് വീണ്ടും ഉറപ്പ് നൽകുന്നു.
5. ദൈവകൃപയുടെ സ്വീകരണാവസരവും അതിന്റെ സാക്ഷ്യവുമാണ് കൂദാശ.
6. ക്രിസ്തുവിന്റെ ശരീരമായ സഭയോടുള്ള ബന്ധത്തിൽ മനുഷ്യന്റെ ആവശ്യങ്ങളും ദൈവീകശക്തിയും തമ്മിൽ സംഗമിക്കുന്നു.
7. വി.കൂദാശകൾ വിശ്വാസത്തെ ഉദ്ദീപിപ്പിക്കുകയും സ്ഥിരപ്പെടുത്തുകയും ശക്തീകരിക്കുകയും ചെയ്യുന്നു.

ഇപ്രകാരം വി. കൂദാശകൾ വിശ്വാസിയും ദൈവവും ദൈവത്തിന്റെ ശരീരമായ സഭയും തമ്മിലുള്ള ബന്ധത്തിന് ആവശ്യം എന്ന് കണ്ട് കർത്താവ് ഭരമേല്പിച്ചവയാണ്.

കർത്താവ് തന്റെ ശരീരമായ സഭയെ ഭരമേല്പിച്ച് ഞാൻ വരുന്നതുവരെ ഇതുപോലെ ചെയ്യുവാൻ കല്പിച്ചവയാണല്ലോ വി. കൂദാശകൾ. ഇവ ലോകജീവിതത്തിൽ രമിക്കുന്ന മനുഷ്യന്റെ രക്ഷക്ക് അനിവാര്യമായവയാകുന്നു. ഈ ലോകം കൊണ്ട് ജീവിതം അവസാനിക്കുന്നില്ല എന്ന മനുഷ്യന്റെ നിത്യജീവിതവ്യവസ്ഥകൾക്ക് വി. കൂദാശകളിലുള്ള വിശ്വാസപൂർവ്വമായ സംബന്ധം അനുഗ്രഹപ്രദമായിതീരട്ടെ.

സംഗീതസായാഹ്നം

മാവേലിക്കര: പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ, സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ 'ആരോഹണം' എന്ന സംഗീതസായാഹ്നം നടത്തപ്പെട്ടു. മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ എബ്രഹാം മാർ എപ്പിഫാനിയോസ് ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി ഫാ. അജി കെ. തോമസ് അദ്ധ്യക്ഷത വഹിച്ചു. ഡോ. കെ. എൽ. മാത്യു വൈദ്യൻ കോർഎപ്പിസ്ക്കോപ്പാ, ഫാ. ജേക്കബ് ജോൺ കല്ലട കോർഎപ്പിസ്ക്കോപ്പാ, യൂഹാനോൻ റമ്പാൻ, മാവേലിക്കര ഭദ്രാസന സെക്രട്ടറി ഫാ. ജോൺസ് ഈപ്പൻ, SDOF ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. മാത്യു വി. തോമസ്, കത്തീഡ്രൽ സഹവികാരി ഫാ. മനീഷ് മാത്യു, SDOF കേന്ദ്ര ട്രഷറർ ഉമ്മൻ ജോൺ, ഭദ്രാസന സെക്രട്ടറി മത്തായി പി.കെ. SDOF കത്തീഡ്രൽ വൈസ് പ്രസിഡന്റ് ഫിലിപ്പ് ജെ. കടവിൽ, ഭദ്രാസന ജോയിന്റ് സെക്രട്ടറി മേഴ്സി ഉമ്മൻ, മാവേലിക്കര ഭദ്രാസന മധ്യമേഖല സെക്രട്ടറി എബ്രഹാം സി. ഫിലിപ്പ്, കത്തീഡ്രൽ യൂണിറ്റ് ട്രഷറർ ജോൺ കുര്യൻ ആലിന്റെതെക്കേതിൽ, കത്തീഡ്രൽ യൂണിറ്റ് സെക്രട്ടറി ജോജി വർഗീസ് കുര്യൻ, പ്രോഗ്രാം കൺവീനർ കെ. എ. എബ്രഹാം എന്നിവർ പ്രസംഗിച്ചു. കഴിഞ്ഞ ആറ് മാസമായി സംഗീത സംവിധായകനായ എം. യു. മാത്യു പള്ളിപ്പാടിന്റെ നേതൃത്വത്തിൽ, പുതിയകാവ് കത്തീഡ്രൽ ഇടവകയിൽ നിന്നും, പുതിയകാവ് ഇടവകയിൽ നിന്ന് സ്വതന്ത്ര ഇടവകകളായ, പത്തിച്ചിറ, പുന്നമൂട്, അറുന്നൂറ്റിമംഗലം, കറ്റാനം, കുന്നം, തോന്നയ്ക്കാട്, വഴുവാടി എന്നീ ഇടവകകളിൽ നിന്നും പരിശീലനം നേടിയ, പത്ത് മുതൽ എഴുപത് വയസ്സ് വരെ പ്രായമുള്ള അറുപത്തഞ്ചിൽപരം ഗായകർ സംഗീതസായാഹ്നം അവതരിപ്പിച്ചു.

"FEAST OF SHUNOYO"

Feast of Shunoyo, sacred and high,
A holy departure to the heavenly sky:
In sacred tradition, faithful gather,
To honor the Mother who brought the Savior!

For fifteen long day quiet reflection,
In fasting prayer, seeking protection.
From August's first to feast fifteenth,
Shunoyo Nombu brings Peace Spirit!

The Virgin's earthly Journey is close,
In holy Dormition, in peaceful repose:
Not worshiped as God,Venerated in Grace!
Highest of Saints blessed above!

No longer bound by decay of earth,
The Aloho, who gave Jesus His birth:
Is translated in glory, body and soul,
As heaven rejoices ancient bells toll.

O' Mother of God, departure we sing,
Your soul is received by Christ, True King:
In the Holy Qurbana, our voices we raise,
On this Shunoyo, we seek Intercession !

- Sabu George Kadammanitta

മനുഷ്യൻ: ഒരു സൃഷ്ടി മാത്രമല്ല, ഒരു ബന്ധം

(The Human Person: Created for Communion)

AI യുഗത്തിൽ മനുഷ്യനെക്കുറിച്ചുള്ള സഭയുടെ പുനർവിചിന്തനം

(From Content to Communion: Re-thinking the Human Person in the Age of Artificial Intelligence)

ഫാ. ഗീവർഗീസ് ബേബി ഇടമറുക്

ക്രൈസ്തവ വിശ്വാസത്തിന്റെ ഏറ്റവും വലിയ സവിശേഷതകളിലൊന്ന് മനുഷ്യനെക്കുറിച്ചുള്ള അതിന്റെ ദർശനമാണ്. വിശുദ്ധ വേദപുസ്തകം മനുഷ്യനെ പ്രപഞ്ചത്തിലെ ഏറ്റവും വികസിത ജീവിയായി (The Most Evolved Species) അവതരിപ്പിക്കുന്നില്ല; ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും (Imago Dei) വഹിക്കുന്ന സൃഷ്ടിയായിട്ടാണ് അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ മനുഷ്യന്റെ മഹത്വം അവന്റെ ബുദ്ധിയിലോ (Intelligence), സാങ്കേതിക വൈദഗ്ധ്യത്തിലോ (Technological Ability), ഉൽപ്പാദനശേഷിയിലോ (Productivity) അല്ല; അവന്റെ അസ്തിത്വത്തിലാണ് (Being).

ഈ സത്യം മനസ്സിലാക്കാതെ മനുഷ്യനെക്കുറിച്ചുള്ള ഒരു ചർച്ചയും പൂർണമാകുകയില്ല.

ഉല്പത്തിപുസ്തകത്തിലെ സൃഷ്ടിവിവരണം മനുഷ്യനെ ഒറ്റപ്പെട്ട വ്യക്തിയായി അവതരിപ്പിക്കുന്നില്ല. മനുഷ്യൻ ആദ്യം മുതൽ ബന്ധങ്ങളുടെ നടുവിലാണ് ജീവിക്കുന്നത്. ദൈവവുമായുള്ള ബന്ധം, സഹമനുഷ്യനുമായുള്ള ബന്ധം, സൃഷ്ടിയുമായുള്ള ബന്ധംഈ മൂന്ന് ബന്ധങ്ങളാണ് മനുഷ്യന്റെ അസ്തിത്വത്തെ നിർവചിക്കുന്നത്. അതുകൊണ്ടാണ് പാപം (Sin) ഒരു നിയമലംഘനം മാത്രമല്ല; ബന്ധത്തിന്റെ തകർച്ച (Broken Communion) കൂടിയാകുന്നത്.

ഈ പശ്ചാത്തലത്തിൽ വായിക്കുമ്പോൾ, പുറപ്പാടിന്റെ പുസ്തകം (Book of Exodus) അടിമത്തത്തിൽ നിന്ന് ഒരു ജനതയുടെ മോചനം മാത്രമല്ല വിവരിക്കുന്നത്. പ്രതിസന്ധിയിലായ ഒരു സമൂഹത്തിന്റെ (Community in Crisis) അസ്തിത്വം (Identity) ദൈവം എങ്ങനെ പുനഃസ്ഥാപിക്കുന്നു എന്നതാണ് അതിന്റെ കേന്ദ്രസന്ദേശം. ഈജിപ്തിൽ അവർ തൊഴിലാളികളായിരുന്നു; സീനായിൽ അവർ ദൈവത്തിന്റെ ജനമായി (People of God) മാറി. അവരുടെ യഥാർത്ഥ മോചനം ചെങ്കടൽ കടന്നതിലല്ല; ദൈവവുമായുള്ള ഉടമ്പടിയിലൂടെയാണ് (Covenant) ആരംഭിച്ചത്.

അതുകൊണ്ട് ബൈബിളിലെ മോചനം (Liberation) ഒരിക്കലും വ്യക്തിപരമായ അനുഭവത്തിൽ അവസാനിക്കുന്നില്ല. അത് എല്ലായ്പ്പോഴും ഒരു കൂട്ടായ്മയിലേക്ക് (Communion) നയിക്കുന്നു.

ഈ സത്യം പുതിയ നിയമത്തിൽ അതിന്റെ പൂർണതയിലെത്തുന്നു. 'വചനം ജഡമായി' (The Word became Flesh - John 1:14) എന്ന യോഹന്നാന്റെ പ്രഖ്യാപനം, ദൈവം മനുഷ്യനെ രക്ഷിക്കാൻ വിവരങ്ങൾ (Information) അയച്ചില്ലെന്നും, ഒരു ആശയം (Idea) നൽകിയില്ലെന്നും, മറിച്ച് മനുഷ്യജീവിതത്തിൽ തന്നെ പ്രവേശിച്ചുവെന്നുമാണ് സാക്ഷ്യപ്പെടുത്തുന്നത്. അവതാരം (Incarnation) ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രം മാത്രമല്ല; മനുഷ്യനെക്കുറിച്ചുള്ള സഭയുടെ ഏറ്റവും വലിയ പ്രഖ്യാപനവുമാണ്. ദൈവം മനുഷ്യനായി എന്നത്,

മനുഷ്യജീവിതം ദൈവസാന്നിധ്യത്തിന് യോഗ്യമാണെന്ന പ്രഖ്യാപനമാണ്.

ഈ ദർശനത്തിന്റെ ജീവിക്കുന്ന അനുഭവമാണ് വിശുദ്ധ കുർബാന (Holy Communion). അവിടെ മനുഷ്യൻ ഒരു പ്രേക്ഷകനല്ല; ഒരു പങ്കാളിയാണ്. അവിടെ വിശ്വാസം ഒരു ആശയമല്ല; പങ്കുവയ്ക്കപ്പെടുന്ന ജീവിതമാണ്. അവിടെ ദൈവം മനുഷ്യനെ വിളിക്കുന്നത് ഒറ്റപ്പെട്ട വിശുദ്ധിയിലേക്കല്ല, കൂട്ടായ്മയിലേക്കാണ് (Communion / Koinonia).

ഇവിടെയാണ് നമ്മുടെ കാലത്തിന്റെ ഒരു നിശ്ശബ്ദമായ വൈരുദ്ധ്യം ദൃശ്യമാകുന്നത്. ലോകം മനുഷ്യന് കൂടുതൽ കൂടുതൽ ആശയവിനിമയ ഉപകരണങ്ങൾ (Communication Technologies) നൽകുന്നു; എന്നാൽ മനുഷ്യബന്ധങ്ങൾ കൂടുതൽ ദുർബലമാകുന്നതായി നാം അനുഭവിക്കുന്നു. വിവരങ്ങൾ വർധിക്കുന്നു; വിസ്മയം കുറയുന്നു. ബന്ധപ്പെടാനുള്ള മാർഗങ്ങൾ വർധിക്കുന്നു; കണ്ടുമുട്ടലുകൾ കുറയുന്നു. നാം പരസ്പരം കൂടുതൽ കാണുന്നു; പക്ഷേ പരസ്പരം കുറച്ചു മാത്രം അറിയുന്നു.

ഒരുപക്ഷേ, ഈ വൈരുദ്ധ്യമാണ് നമ്മുടെ കാലത്തിന്റെ ഏറ്റവും വലിയ ആത്മീയ വെല്ലുവിളി.

അതുകൊണ്ടുതന്നെ, സമകാലിക സംസ്കാരം മനുഷ്യനെ എങ്ങനെ രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്ന ചോദ്യത്തിന് ഒരു പുതിയ ഭാഷ ആവശ്യമായി വരുന്നു. ആ പുതിയ ഭാഷയുടെ ഭാഗമായി, നമ്മുടെ കാലത്ത് ഉദിച്ചു വരുന്ന ഒരു പുതിയ മനുഷ്യരൂപത്തെ സൂചിപ്പിക്കാൻ കഴിയുന്ന ഒരു ആശയം അടുത്ത ഭാഗത്തിൽ പരിചയപ്പെടുത്താൻ ആഗ്രഹിക്കുന്നു.

ദുബായ് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ, SDOF യൂണിറ്റ് വിശുദ്ധ ആരാധന ക്രമത്തെക്കുറിച്ചുള്ള പഠന പരമ്പര നടത്തി.

Mount Tabor:
A Foretaste of the Kingdom of God

Fr. Varghese P. Idichandy

The Feast of the Transfiguration reveals far more than a miraculous change in Christ's appearance. On Mount Tabor, Christ unveiled to His disciples the reality of the Kingdom of God and the destiny of creation itself.

Peter, James, and John accompanied Christ to the mountain. There they beheld His divine glory shining through His humanity. Christ revealed how He eternally exists in the Kingdom of God and how He will appear in glory at the end of the ages.

The Past, the Present, and the Future Meet Together
On Mount Tabor, three dimensions of salvation history come together:
Moses and Elijah represent the Old Covenant.
Christ stands as the fulfillment of the New Covenant.
Peter, James, and John represent the future Church and redeemed humanity.
Thus, the past, the present, and the future are united in Christ.

A Revelation of the Church

Mount Tabor is also an icon of the Church.

There we see:
Christ at the center.
Moses and Elijah, representing the saints who have departed this life.
Peter, James, and John, representing believers still living on earth.

This is the Orthodox vision of the Church: not merely a gathering of people on earth, but the communion of the living and the departed united in Christ.

Whenever the Church gathers for worship, especially in the Holy Eucharist, we stand in the same reality. We worship together with the angels and saints in the presence of Christ. In this sense, Mount Tabor becomes a heavenly temple and an image of the Church itself.

Moses and Elijah Speak with Christ

The Gospel of Luke tells us that Moses and Elijah were speaking with Christ about His "departure" (Luke 9:31), referring to His coming Passion, Crucifixion, and saving work in Jerusalem.

This reveals that the saints participate in God's saving plan and stand within the divine council. They are not absent from God's work but remain alive in His presence.

A Foretaste of the Age to Come

The appearance of Moses and Elijah in glory teaches that death is not the end.

Moses had died centuries earlier, yet he appears alive in glory. Elijah had been taken into heaven and likewise appears in glory. Together they testify that life continues in God's presence beyond death.

The Transfiguration therefore reveals what will happen at the end of the age: humanity and creation will share in the glory of God.

Why Were the Disciples Afraid?

Peter, James, and John were not yet transfigured themselves. They witnessed the divine glory but were not yet fully prepared to participate in it. Therefore they fell down in fear and awe.

Christ shows them the goal toward which humanity is moving: participation in divine glory through union with Him. What they saw on Tabor is what

the Church calls theosis—the transformation of humanity by divine grace.

"After Six Days"

The Gospel specifically says:

> "After six days Jesus took Peter, James, and John..." (Matthew 17:1)

The Fathers of the Church see profound symbolism in this detail.

The six days recall the six days of creation in Genesis. After the six days comes the seventh day, the day of God's rest.

The Transfiguration occurs after six days because it points to a new creation. Christ reveals the glory of the renewed world, the fulfillment of creation, and the eternal Sabbath of the Kingdom of God.

Thus, Mount Tabor is not only about Christ's glory; it is about the future glory of all creation.

Conclusion

The Transfiguration is the unveiling of the Kingdom of God. On Mount Tabor we see:

Christ in His divine glory.
The communion of saints.
The unity of heaven and earth.
The victory over death.
The future transformation of humanity.
The beginning of the new creation.

What was revealed on Tabor is what all creation is destined for in Christ. The mountain becomes a window into the age to come, where God, His saints, and His people dwell together in unending glory. ❑

‘ഒരു സ്പർശം മാത്രം മതി...’

വർഗീസ് പൗലോസ് മൂലാംകുഴിയിൽ

(Vice president SDOF, SGOC OMAN)

‘അവന്റെ വസ്ത്രം ഒന്നു തൊട്ടാൽ മാത്രം ഞാൻ സൗഖ്യം പ്രാപിക്കും.” മത്തായി 9:21

നാം പ്രാർത്ഥിക്കുന്നു. എല്ലാ ദിവസവും രാവിലെ പ്രാർത്ഥിക്കുന്നു, വൈകുന്നേരം പ്രാർത്ഥിക്കുന്നു. വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നു, നേർച്ചകളും വഴിപാടുകളും നൽകുന്നു, ദാനധർമ്മങ്ങൾ ചെയ്യുന്നു, സഭയുടെ പ്രവർത്തനങ്ങളിൽ സജീവമാകുന്നു. സഹായം ചോദിച്ചെത്തുന്നവരെ കഴിയുന്നത്ര സഹായിക്കുകയും ചെയ്യുന്നു.

എന്നാൽ ഇടയ്ക്കെങ്കിലും നമ്മൾ സ്വയം ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്:

എന്റെ പ്രാർത്ഥന എന്റെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നാണോ? അതോ ഒരു മതപരമായ കടമ പൂർത്തിയാക്കുന്നതുപോലെ മാത്രമാണോ?

“ഈ ജനം അധരങ്ങൾകൊണ്ട് എന്നെ ബഹുമാനിക്കുന്നു; അവരുടെ ഹൃദയമോ എന്നിൽനിന്നു ദൂരെയായിരിക്കുന്നു.” മത്തായി 15:8

പ്രാർത്ഥനയുടെ ദൈർഘ്യത്തേക്കാൾ പ്രധാനമാണ് അതിലെ ആത്മാർത്ഥത. നാം എത്ര പ്രാവശ്യം പ്രാർത്ഥിച്ചു എന്നതിലുപരി, എത്ര ആഴത്തിൽ ദൈവത്തെ വിശ്വസിച്ചു എന്നതാണ് പ്രധാനപ്പെട്ടത്.

നാം മനുഷ്യരാണ്. നമ്മുടെ അറിവിനും കഴിവിനും ശക്തിക്കും സഹനത്തിനും പരിമിതികളുണ്ട്. എന്നാൽ അവന്റെ കരുണയ്ക്ക് പരിമിതികളില്ല. ആ കരുണയെക്കുറിച്ച് കേട്ടാൽ മാത്രം പോരാ; ജീവിതത്തിൽ അതിനെ തിരിച്ചറിയുകയും അനുഭവിക്കുകയും വേണം.

നാം തിരിച്ചറിയാതെ കടന്നുപോയ അത്ഭുതങ്ങൾ- നമ്മുടെ ജീവിതത്തിലേക്ക് ഒന്നു തിരിഞ്ഞുനോക്കൂ. എത്രയോ തവണ അവൻ നമ്മോടൊപ്പം ഉണ്ടായിരുന്നിരിക്കാം നാം അറിഞ്ഞില്ലെങ്കിലും!

നാം ഉറങ്ങുമ്പോൾ അവൻ കാത്തു. യാത്രകളിൽ സംരക്ഷിച്ചു. എത്രയോ അപകടങ്ങൾ നമ്മെ തൊടാതെ കടന്നുപോയിരിക്കാം. പ്രതീക്ഷ നഷ്ടപ്പെട്ട സമയങ്ങളിൽ അറിയാത്ത വഴികളിലൂടെ സഹായം എത്തിയിരിക്കാം. അടഞ്ഞുപോയെന്ന് കരുതിയ വാതിലുകൾക്കു പകരം മറ്റൊരു വാതിൽ തുറന്നിരിക്കാം. തകർന്നുപോകുമെന്ന് കരുതിയ നിമിഷങ്ങളിൽ വീണ്ടും എഴുന്നേൽക്കാനുള്ള ശക്തി ലഭിച്ചിരിക്കാം.

എന്നിട്ടും പലപ്പോഴും നാം കാത്തിരിക്കുന്നത് ഒരു വലിയ, തെളിയിക്കാവുന്ന അദ്ഭുതത്തിനാണ്.

എന്നാൽ ഒരുപക്ഷേ അത്ഭുതം നമ്മുടെ മുന്നിൽ തന്നെയുണ്ട്. ഇന്ന് രാവിലെ നാം കണ്ണുതുറന്നത് ഒരു അത്ഭുതമല്ലേ? ഇന്നും ശ്വസിക്കാൻ കഴിയുന്നത് കൃപയല്ലേ? നമ്മെ സ്നേഹിക്കുന്നവരെ കാണാൻ കഴിയുന്നത് അനുഗ്രഹമല്ലേ? മറ്റൊരാളെ സഹായിക്കാൻ നമുക്ക് കഴിയുന്നത് ദൈവം നൽകിയ അവസരമല്ലേ?

“യഹോവയുടെ ദയകൾക്ക് അവസാനമില്ല; അവന്റെ കരുണകൾ തീർന്നുപോകുന്നില്ല; അവ ഓരോ പ്രഭാതത്തിലും പുതിയവയാണ്.” വിലാപങ്ങൾ 3:22-23

നാളെ നമ്മുടെ അവകാശമല്ല. ഇന്ന് നമുക്ക് ലഭിച്ച ദാനമാണ്.

“ദൈവമേ, എനിക്ക് എന്തുകൊണ്ട്?” ജീവിതത്തിൽ വേദനയോ പരാജയമോ രോഗമോ നഷ്ടമോ അപ്രതീക്ഷിതമായ പ്രശ്നങ്ങളോ വരുമ്പോൾ നമ്മുടെ ചോദ്യങ്ങൾ മാറുന്നു.

“ഞാൻ ദിവസവും പ്രാർത്ഥിക്കുന്നില്ലേ?” “ഞാൻ മറ്റുള്ളവരെ സഹായിക്കുന്നില്ലേ?” “ഞാൻ വഴിപാടുകൾ നൽകുന്നില്ലേ?” “സഭയുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നില്ലേ?” “എന്നിട്ടും എന്തുകൊണ്ട് എനിക്ക് ഈ പരീക്ഷണം?”

പക്ഷേ വിശ്വാസം ദൈവത്തോടുള്ള ഒരു ഇടപാടല്ല. “ഞാൻ ഇത്രയും ചെയ്തു; അതിനാൽ എനിക്ക് വേദന ഉണ്ടാകരുത്” എന്നൊരു കരാർ ദൈവം നമുക്ക് നൽകിയിട്ടില്ല.

യേശുക്രിസ്തു തന്നെയും ഗെത്സെമനെയിൽ വേദനയുടെ നടുവിൽ പ്രാർത്ഥിച്ചു:

“എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം തന്നേ നടക്കട്ടെ.” ലൂക്കോസ് 22:42.

ഇതാണ് വിശ്വാസത്തിന്റെ ഏറ്റവും ആഴമുള്ള തലങ്ങളിൽ ഒന്ന്. എല്ലാം നമ്മുടെ ആഗ്രഹപ്രകാരം നടക്കുമ്പോൾ ദൈവത്തെ സ്തുതിക്കുന്നത് എളുപ്പമാണ്. എന്നാൽ ഒന്നും മനസ്സിലാകാത്തപ്പോൾ, കണ്ണുനീരിന്റെ നടുവിൽ, പ്രതീക്ഷിച്ചതിന്റെ വിപരീതം സംഭവിക്കുമ്പോഴും,

“കർത്താവേ, എനിക്ക് മനസ്സിലാകുന്നില്ല; എങ്കിലും ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. അങ്ങയുടെ ഇഷ്ടം നടക്കട്ടെ” എന്നു പറയാൻ കഴിയുന്നതാണ് യഥാർത്ഥ വിശ്വാസം.

അവൻ അവിടെ ഉണ്ടായിരുന്നു... പക്ഷേ നാം തിരിച്ചറിഞ്ഞില്ല ജീവിതത്തിലെ വിജയങ്ങളെക്കുറിച്ച് പലപ്പോഴും നാം പറയാറുണ്ട്: എന്റെ പരിശ്രമം... എന്റെ കഴിവ്... എന്റെ കഠിനാധ്വാനം... എന്റെ തീരുമാനങ്ങൾ...

തീർച്ചയായും നാം പരിശ്രമിക്കണം. എന്നാൽ പരിശ്രമിക്കാൻ ശക്തി തന്നത് ആര്? ശരിയായ സമയത്ത് ശരിയായ വ്യക്തിയെ നമ്മുടെ വഴിയിൽ എത്തിച്ചത് ആര്? നമുക്ക് കാണാൻ കഴിയാത്ത അപകടങ്ങളിൽനിന്ന് കാത്തത് ആര്? ചില കാര്യങ്ങളുടെ അർത്ഥം സംഭവിക്കുന്ന സമയത്ത് നമുക്ക് മനസ്സിലാകണമെന്നില്ല. വർഷങ്ങൾക്കുശേഷം പിന്നിലേക്ക് നോക്കുമ്പോൾ ഒരുപക്ഷേ നാം പറയും:

“അന്ന് ഞാൻ ഒറ്റയ്ക്കായിരുന്നില്ല. അവൻ അവിടെയുണ്ടായിരുന്നു!”

“നിന്റെ പൂർണ്ണഹൃദയത്തോടെ യഹോവയിൽ ആശ്രയിക്ക; സ്വന്ത വിവേകത്തിൽ ഊന്നരുത്. നിന്റെ എല്ലാ വഴികളിലും അവനെ നിനച്ചുകൊൾക; അവൻ നിന്റെ പാതകളെ നേരെയാക്കും.” സദൃശവാക്യങ്ങൾ 3:56

പ്രാർത്ഥനയോടൊപ്പം ദൈവവചനം വായിക്കുകയും ധ്യാനിക്കുകയും അതിനെ ജീവിതത്തിൽ പ്രാവർത്തികമാക്കുകയും വേണം. ബൈബിൾ

വായിക്കുന്നത് ഒരു ദിവസേനയുള്ള മതപരമായ കടമ പൂർത്തിയാക്കുന്നതു പോലെയാകരുത്. ചിലപ്പോൾ നാം വായിക്കുന്ന ഒരു ചെറിയ വാക്യം തന്നെ അന്നത്തെ നമ്മുടെ ജീവിതസാഹചര്യത്തോട് നേരിട്ട് സംസാരിക്കും. ആശ യക്കുഴപ്പത്തിൽ ദിശയും, നിരാശയിൽ പ്രത്യാശയും, വേദനയിൽ ആശ്വാസവും, തീരുമാനങ്ങളിൽ വിവേകവും ദൈവവചനം നൽകുന്നു. അതുകൊണ്ട് വചനം വായിക്കുമ്പോൾ നമുക്ക് ചോദിക്കാം:

"കർത്താവേ, ഇന്ന് ഈ വചനത്തിലൂടെ അങ്ങ് എന്നോട് എന്താണ് പറയു ന്നത്?"

"നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതയ്ക്കു പ്രകാശവും ആകുന്നു." സങ്കീർത്തനം 119:105

വചനം വായിക്കുന്നതിൽ മാത്രം ഒതുങ്ങാതെ വചനം നമ്മെ വായിക്കട്ടെ. നമ്മുടെ ചിന്തകളെയും പ്രവൃത്തികളെയും ബന്ധങ്ങളെയും തീരുമാനങ്ങ ളെയും അത് തിരുത്തട്ടെ.

സാക്ഷ്യം നമ്മുടെ ജീവിതം തന്നെ സംസാരിക്കട്ടെ ക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോട് പറയുന്നത് സാക്ഷ്യമാണ്. എന്നാൽ അതിലും ശക്തമായ സാക്ഷ്യം നമ്മുടെ ജീവിതത്തിലൂടെ ക്രിസ്തുവിനെ മറ്റുള്ളവർക്ക് കാണിച്ചു കൊടുക്കുന്നതാണ്. നമ്മുടെ പെരുമാറ്റം, സ്നേഹം, ക്ഷമ, സത്യസന്ധത, വിനയം, കരുണ, മറ്റുള്ളവരോടുള്ള സമീപനം, പ്രതിസന്ധികളിലെ

വിശ്വാസം ഇവയെല്ലാം വാക്കുകളേക്കാൾ ശക്തമായി സംസാരിക്കും. നാം ദൈവത്തെക്കുറിച്ച് മണിക്കൂറുകൾ സംസാരിച്ചാലും നമ്മുടെ ജീവിതത്തിൽ സ്നേഹവും ക്ഷമയും കരുണയും ഇല്ലെങ്കിൽ നമ്മുടെ വാക്കുകളുടെ ശക്തി നഷ്ടപ്പെടും. നാം അനുഭവിച്ച ദൈവകൃപ മറ്റൊരാളുമായി പങ്കുവയ്ക്കാം. അത് നിരാശയിൽ കഴിയുന്ന ഒരാൾക്ക് പ്രത്യാശയായേക്കാം.

"ദൈവം എന്റെ ജീവിതത്തിൽ പ്രവർത്തിച്ചിട്ടുണ്ട്; അവൻ നിന്റെ ജീവിതത്തിലും പ്രവർത്തിക്കും" എന്ന് നമ്മുടെ ജീവിതം തന്നെ പറയട്ടെ.

"മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങ ളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ." മത്തായി 5:16

പ്രബോധനം പ്രസംഗപീഠത്തിൽ മാത്രം ഒതുങ്ങുന്നതല്ല പ്രബോധനം പ്രസംഗപീഠത്തിൽ നിന്ന് സംസാരിക്കുന്നവരുടെ മാത്രം ഉത്തരവാദിത്വമല്ല. നമ്മുടെ ഓരോരുത്തരുടെയും ജീവിതം മറ്റൊരാൾക്കുള്ള ഒരു പ്രബോധന മാകാം. തകർന്നിരിക്കുന്ന ഒരാളെ ആശ്വസിപ്പിക്കുന്ന ഒരു വാക്ക്... നിരാശനായ ഒരാളോട് "ദൈവത്തിൽ വിശ്വസിക്കൂ; പ്രത്യാശ കൈവിടരുത്" എന്ന് പറയു ന്നത്... തെറ്റിപ്പോകുന്ന ഒരാളെ കുറ്റപ്പെടുത്താതെ സ്നേഹത്തോടെ തിരുത്തു ന്നത്... വിശക്കുന്നവന് ഭക്ഷണം നൽകുന്നത്... ഒറ്റപ്പെട്ടവന്റെ കൂടെ കുറച്ചു സമയം ഇരിക്കുന്നത്... വൈരമുള്ളിടത്ത് സമാധാനം കൊണ്ടുവരുന്നത്... ഇവയെല്ലാം പ്രബോധനത്തിന്റെ വിവിധ രൂപങ്ങളാണ്.

"വചനം പ്രസംഗിക്ക; സമയത്തും അസമയത്തും ഒരുങ്ങിയിരിക്ക." 2 തിമൊഥെയോസ് 4:2

നമ്മുടെ വാക്കുകൾ മറ്റൊരാളെ കുറ്റപ്പെടുത്താനല്ല, ക്രിസ്തുവിനോട് അടുപ്പിക്കാനാകട്ടെ. ഒരു സ്പർശം മാത്രം... പന്ത്രണ്ടു വർഷം രോഗബാധിതയാ യിരുന്ന സ്ത്രീ യേശുവിനെക്കുറിച്ച് കേട്ടറിഞ്ഞതിൽ മാത്രം ഒതുങ്ങിയില്ല. അവളുടെ ഉള്ളിൽ ഉറച്ച ഒരു വിശ്വാസമുണ്ടായിരുന്നു:

"അവന്റെ വസ്ത്രം ഒന്നു തൊട്ടാൽ മാത്രം ഞാൻ സൗഖ്യം പ്രാപിക്കും." മത്തായി 9:21

ജനക്കൂട്ടം അവൾക്ക് തടസ്സമായില്ല. അവളുടെ പഴയ പരാജയങ്ങൾ തടസ്സമാ യില്ല. അവൾ യേശുവിന്റെ അടുക്കലെത്തി വിശ്വാസത്തോടെ സ്പർശിച്ചു. യേശു അവളോട് പറഞ്ഞു:

"മകളേ, ധൈര്യമായിരിക്ക; നിന്റെ വിശ്വാസം നിന്നെ സൗഖ്യമാക്കിയിരി ക്കുന്നു." മത്തായി 9:22

നമ്മുടെ ജീവിതത്തിലും ചിലപ്പോൾ വേണ്ടത് കൂടുതൽ വാക്കുകളല്ല; കൂടുതൽ ആഴമുള്ള വിശ്വാസമാണ്.

പ്രാർത്ഥനയുടെ എണ്ണം മാത്രമല്ല , പ്രാർത്ഥനയിലെ ഹൃദയം.

വഴിപാടിന്റെ വലിപ്പമല്ല സമർപ്പണത്തിന്റെ ആഴം.

സഭയിലെ സ്ഥാനമല്ല ക്രിസ്തുവുമായുള്ള നമ്മുടെ വ്യക്തിപരമായ ബന്ധം.

നമ്മുടെ ഭാഗം നാം ചെയ്യുക; ബാക്കി അവനു വിട്ടുകൊടുക്കുക നമ്മുടെ ദൈനംദിന ഉത്തരവാദിത്വങ്ങൾ അനുഗ്രഹീതമായ രീതിയിൽ ചെയ്യാം. കുടും ബത്തെ സ്നേഹിക്കാം. സഹായം ആവശ്യമുള്ളവരെ സഹായിക്കാം. നിരാശ രായവരെ ആശ്വസിപ്പിക്കാം. കഴിയുന്നിടത്തോളം മറ്റുള്ളവരെ ദൈവത്തോട് അടുപ്പിക്കാം. നമ്മുടെ ഭാഗം വിശ്വസ്തതയോടെ ചെയ്യുക. ബാക്കി അവൻ ചെയ്യും.

"നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്ക; അവനിൽ ആശ്രയിക്ക; അവൻ അതു നിർവഹിക്കും." സങ്കീർത്തനം 37:5

എല്ലാ പ്രാർത്ഥനകൾക്കും നാം ആഗ്രഹിക്കുന്ന രൂപത്തിൽ ഉത്തരം ലഭിക്കണമെന്നില്ല. എല്ലാ വേദനകളും ഉടൻ മാറണമെന്നില്ല. എല്ലാ നഷ്ടങ്ങളു ടെയും കാരണം ഈ ഭൂമിയിൽവെച്ച് നമുക്ക് മനസ്സിലാകണമെന്നുമില്ല. പക്ഷേ അതിനർത്ഥം അവൻ നമ്മെ ഉപേക്ഷിച്ചു എന്നല്ല. വേദനയിൽ അവൻ ഉണ്ടാ യിരുന്നു. കണ്ണുനീരിൽ അവൻ ഉണ്ടായിരുന്നു. നിരാശയിൽ അവൻ ഉണ്ടായി രുന്നു. പരാജയത്തിൽ അവൻ ഉണ്ടായിരുന്നു.

നാം ഒറ്റപ്പെട്ടുവെന്ന് കരുതിയപ്പോഴും അവൻ ഉണ്ടായിരുന്നു. ഒരുപക്ഷേ നാം അവനെ തിരിച്ചറിഞ്ഞില്ല എന്നുമാത്രം. അതുകൊണ്ട് ഒരു വലിയ അദ്ഭു തത്തിനായി മാത്രം കാത്തിരിക്കാതെ, ഇന്ന് നമ്മുടെ ജീവിതത്തിൽ പ്രവർ ത്തിക്കുന്ന അവന്റെ കൃപയെ തിരിച്ചറിയാം.

പ്രാർത്ഥന നമ്മുടെ ദൈവബന്ധമാകട്ടെ. ദൈവവചനം നമ്മുടെ വഴികാട്ടി യാകട്ടെ. സാക്ഷ്യം നമ്മുടെ ജീവിതമാകട്ടെ. പ്രബോധനം മറ്റുള്ളവരെ അവനി ലേക്ക് നയിക്കുന്ന ദൗത്യമാകട്ടെ. നമ്മുടെ ജീവിതത്തിലൂടെ ഒരാളെയെങ്കിലും ക്രിസ്തുവിനോട് അടുപ്പിക്കാൻ കഴിഞ്ഞാൽ, അതും വലിയൊരു അനുഗ്ര ഹമാണ്. അപ്പോൾ നാം അത്ഭുതങ്ങൾക്കായി മാത്രം കാത്തിരിക്കുന്നവരല്ല; മറ്റൊരാളുടെ ജീവിതത്തിൽ ദൈവം പ്രവർത്തിക്കാൻ ഉപയോഗിക്കുന്ന ഒരു അനുഗ്രഹമായി നാം തന്നെ മാറും.

അതിനാൽ വിശ്വസിക്കാം... പ്രാർത്ഥിക്കാം... കാത്തിരിക്കാം... 'കർത്താവേ, എനിക്ക് എല്ലാം മനസ്സിലാകണമെന്നില്ല. എന്റെ ജീവിതത്തിലെ വേദനകളു ടെയും നിരാശകളുടെയും കാരണം എനിക്ക് ഇന്ന് അറിയണമെന്നില്ല. എങ്കിലും ഞാൻ അങ്ങയിൽ വിശ്വസിക്കുന്നു. എന്റെ ഇഷ്ടമല്ല, അങ്ങയുടെ ഇഷ്ടം നട ക്കട്ടെ." കാരണം അവൻ പറയുന്നു:

"എന്റെ കൃപ നിനക്കു മതി." 2 കൊരിന്ത്യർ 12:9 ഒരു സ്പർശം മാത്രം മതി... ഒരു യഥാർത്ഥ വിശ്വാസം മാത്രം മതി... അവന്റെ കൃപ മാത്രം മതി. ❑

Sdof unit Inaguration at St. Pauls Orthodox Syrian Church, Powai. (Bombay Diocese). Inaugurated by Fr. Shaji Chacko and And Younnan Mulamootil Cor Episcopa.



SDOF SUNDAY പന്ത്രണ്ടാം പതിപ്പ് പത്രാധിപസമിതി അംഗം സന്തോഷ് ദാനിയേൽ പ്രകാശനം ചെയ്തു. രാജീവ് വേണാട് (വൈസ് പ്രസിഡണ്ട്), ബിജു ജോൺ (ട്രഷറർ), കമ്മിറ്റിയംഗങ്ങൾ എന്നിവർ സമീപം.

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചു പോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരി ക്കേണ്ടതാണ്. ... സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."

– പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി



പ. ഗീവർഗീസ് രണ്ടാമൻ ബാവാ റാന്നി വലിയപള്ളിയിൽ (1946)

9-9-1121. വയലത്തല. ഹേവോറെ ആഴ്ചയിൽ തിങ്കളാഴ്ച. നാം രാവിലെ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനയ്ക്കു ശേഷം മൂന്നു കുട്ടികളെ മാമോദീസാ മുക്കി. നാം റാന്നിയിൽ പഴയപള്ളിയിൽ ചെല്ലുന്നതിനെപ്പറ്റി അവിടുത്തെ കോറെപ്പിസ്ക്കോപ്പാ പുരയ്ക്കൽ ഒരു ക്ഷണം കൊടുത്ത് ആളെ വിട്ടിരുന്നു.

10-9-1121. ഗബ്രിയേൽ കത്തനാർ രാവിലെ വി. കുർബ്ബാന ചൊല്ലി. കുർബ്ബാനമദ്ധ്യേ പാളിക്കൽ ... ശെമ്മാച്ചനു നാം സമ്മ്രോനൊ പട്ടം കൊടുത്തു. കുർബ്ബാനയ്ക്കുശേഷം നമ്മുടെയും ഇടവകക്കാരെല്ലാവരുടെയും ഒരു ഫോട്ടോ എടുത്തു. കാപ്പിക്കു ശേഷം ... ഗബ്രിയേൽ കത്തനാരുടെ വീട്ടിൽ പോയി അവിടെ പ്രാർത്ഥിച്ചതിനുശേഷം ... ഉതിമൂട്ടിൽ എത്തി. നമ്മുടെ കാറിനു കേടായി പോയതിനാൽ അവിടെ വളരെ അധികനേരം താമസിക്കേണ്ടി വന്നു. ഉച്ച ആയപ്പോഴേക്കും പത്തനംതിട്ട നിന്നും ഒരു കാർ കൊണ്ടുവന്നു. ഉച്ചമേശയ്ക്കു ശേഷം ആ കാറിൽ നാം റാന്നിയിലേക്കു പോയി. അവിടുത്തെ എം.എൽ.എ. യുടെ വീട്ടിൽ കയറി കുറച്ചു സമയം ഇരുന്നതിനുശേഷം മൂന്നു മണിക്കു റാന്നി ക്നാനായക്കാരുടെ പഴയപള്ളിയിൽ എത്തി. പുരയ്ക്കൽ കോറെപ്പിസ്ക്കോപ്പാ അവിടെയുണ്ടായിരുന്നു. പള്ളിയിൽ കയറി ലുത്തിനിയായും കഴിഞ്ഞു പള്ളിയെല്ലാം കണ്ടു. അതിനുശേഷം പുരയ്ക്കൽ കത്തനാരുടെ വീട്ടിലേക്കു പോയി. അവിടെ കാപ്പിയും കഴിച്ചു. അവിടെ നിന്നും അഞ്ചു മണിക്കു മണ്ണാരക്കുളഞ്ഞിയിൽ എത്തി. മണ്ണാരക്കുളഞ്ഞി പള്ളിക്കാർ നമ്മെ മേനാവിൽ എടുത്തു അവിടെയുള്ള നമ്മുടെ പള്ളിയിലേക്കു ആഘോഷപൂർവ്വം കൊണ്ടുപോയി. അവിടെ കയറി ലുത്തിനിയായും കഴിഞ്ഞു അല്പസമയം വിശ്രമിച്ചു. നാം മുമ്പുള്ള പള്ളി കണ്ടതിൽ കുറച്ചുകൂടി നന്നാക്കി പുതുക്കിയിട്ടുണ്ട്. നമ്മോടുള്ള അവരുടെ ... കാപ്പിമേശയ്ക്കുശേഷം അവിടെ നിന്നു പുറപ്പെട്ടു. ആറു മണിക്കു മാക്കാംകുന്നു പള്ളിയിൽ എത്തി.

(പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിയിൽ നിന്നും)

മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ, സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ 'ആരോഹണം' എന്ന സംഗീതസായാഹ്നം നടന്നു. മാവേലിക്കര ഭദ്രാസന മെത്രാപ്പോലീത്താ എബ്രഹാം മാർ എപ്പിഫാനിയോസ് ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി ഫാ. അജി കെ. തോമസ് അദ്ധ്യക്ഷത വഹിച്ചു. കഴിഞ്ഞ ആറ് മാസമായി സംഗീത സംവിധായകനായ എം. യു. മാത്യു പള്ളിപ്പാടിന്റെ നേതൃത്വത്തിൽ, പുതിയകാവ് കത്തീഡ്രൽ ഇടവകാംഗങ്ങളും, പത്തിച്ചിറ, പുന്നമൂട്, അറുന്നൂറ്റിമംഗലം, കറ്റാനം, കുന്നം, തോന്നയ്ക്കാട്, വഴുവാടി എന്നീ ഇടവകാംഗങ്ങളുമായ പരിശീലനം നേടിയ അറുപത്തഞ്ചിൽപരം ഗായകർ സംഗീതസായാഹ്നം അവതരിപ്പിച്ചു.

സ്വാതന്ത്ര്യക്കൊടി

ഷാജി മുളക്കുളം

രണ്ടുനൂറ്റാണ്ടു ചുമന്നു -
പരദേശ പാരതന്ത്ര്യത്തിൻ -
മഹാനുകത്തെ.
രണ്ടുനൂറ്റാണ്ടു
മെതിച്ചിവർനമ്മുടെ
നെഞ്ചിലെസ്വപ്നങ്ങ-
ളുഗ്രമായി.

എത്രപൊരുതിയ-
ന്നെത്രപോരാടിനാം
ഇത്തിരിസ്വാതന്ത്ര്യ
മോഹവുമായ്.
എത്രനിണമൊഴുക്കീ -
യെത്രജീവനും
വർഷങ്ങളെത്രയോ -
പൂർവികർ.

ജീവൻകൊടുത്തൊരാ
ധീരപോരാളികൾ -
ക്കേകെയനൽപ്പമാം
ആദരങ്ങൾ.

ഗാന്ധിജി, നെഹ്റു
തിലകും, ഭഗത് സിങ്ങും
ജാൻസിയും, സർദാരും
കസ്തൂർബയും
ആദി.. പോരാളികൾ -
ക്കേകിശ്രദ്ധഞ്ജലി
ഈനല്ലവേളയെ
ധന്യമാക്കാം.

ഇന്നുനാംപുൽകുന്ന
സ്വാതന്ത്ര്യമത്രയും
അന്നുകാണിച്ച
ശൗര്യത്തിൻഫലം
ഇന്നുനാംപേറുന്ന
സ്വച്ഛന്ദമാംമനം
അന്നുചൊരിഞ്ഞൊ-
രാ രക്തജയം.

എത്രയോരാജ്യങ്ങ-
ളിന്നുംചുമക്കുന്നു
പാരതന്ത്ര്യത്തിൻ -
മഹാനുകത്തെ
എത്രയോജന്മങ്ങ-
ളിന്നുംപൊലിയുന്നു
പാരതന്ത്ര്യത്തിൻ
മഹാചൂളയിൽ.

ഇന്നുനാമെത്ര
സ്വതന്ത്രരീ-
ജീവനിൽ
ഇല്ലാ നുകമിനി
തോളിലേറ്റാൻ.
ഇന്നു നാമെത്ര
സ്വതന്ത്രരീ -
ജീവനിൽ
ഇല്ലാ നുകമിനി
തോളിലേറ്റാൻ.

പാറിപ്പറക്കുന്ന -
യീക്കൊടിനമ്മുടെ
സ്വാതന്ത്ര്യമാകും
വിജയക്കൊടി
പാറിപ്പറക്കുന്ന -
യീക്കൊടിനമ്മുടെ
സ്വാതന്ത്ര്യമാകും
വിജയക്കൊടി.

39-ാമത് തിരുവനന്തപുരം കൺവൻഷനോട് അനുബന്ധിച്ച് ആദ്യമായി സംഘടിപ്പിച്ച SDOF കൺവൻഷൻ ഉള്ളൂർ അരമന ചാപ്പലിൽ വെച്ചു ആഗസ്റ്റ് എട്ടിനു നടന്നു. പാറ്റൂർ മാർത്തോമ ഇടവക വികാരി എ. ടി. തോമസ് ക്ലാസ് നയിച്ചു. SDOF തിരുവനന്തപുരം ഭദ്രാസന ഉപാധ്യക്ഷൻ ഫാ. പ്രകാശ് തോമസ് യോഗത്തിന് അധ്യക്ഷത വഹിച്ചു. SDOF തിരുവനന്തപുരം ഡിസ്ട്രിക്ട് അധ്യക്ഷൻ ഫാ. കോശി ജോൺ, ഉള്ളൂർ അരമന മാനേജർ ഫാ. ജോഷ്വ എന്നിവർ ആശംസകൾ നേർന്ന യോഗത്തിൽ തിരുവനന്തപുരം ഡിസ്ട്രിക്ട് കോഓർഡിനേറ്റർ ഷീജ തോമസ് സ്വാഗതവും, സെക്രട്ടറി അരുൺ തോമസ് നന്ദിയും രേഖപ്പെടുത്തി.

തുമ്പമൺ ഡിസ്ട്രിക്ട് സമ്മേളനം ചന്ദനപ്പള്ളി സെന്റ് ജോർജ് ആഗോള തീർത്ഥാടന കേന്ദ്രത്തിൽ

പത്തനംതിട്ട: സെൻറ് ഡയനേഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പിന്റെ തുമ്പമൺ ഡിസ്ട്രിക്ട് സമ്മേളനം ആഗോള തീർത്ഥാടന കേന്ദ്രമായ ചന്ദനപ്പള്ളി സെൻറ് ജോർജ് ഓർത്തഡോക്സ് ദേവാലയത്തിൽ നടക്കും

പതിനാറാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് എസ്.ഡി.ഒ.എഫ്. ഡിസ്ട്രിക്ട് പ്രസിഡൻറ് ഫാ. സുനിൽ എബ്രഹാമിന്റെ അധ്യക്ഷതയിൽ ചേരുന്ന സമ്മേളനം കേന്ദ്ര ജനറൽ സെക്രട്ടറി ഷിബു കെ. ഏബ്രഹാം ഉദ്ഘാടനം ചെയ്യും.

ഭദ്രാസന വൈസ് പ്രസിഡൻറ് ഫാ. പി വൈ. ജെസൻ മുഖ്യപ്രഭാഷണം നടത്തും. ഭദ്രാസന സെക്രട്ടറി ബിജു എബ്രഹാം, ഇടവക അസി. വികാരി ഫാ. ജോബിൻ യോഹന്നാൻ, ഡിസ്ട്രിക്ട് കോർഡിനേറ്റർ ബിജു വർഗീസ് പള്ളിയേനാത്ത്, ഇടവക ട്രസ്റ്റി ഷിജു തങ്കച്ചൻ, ഇടവക സെക്രട്ടറി ടി. എം വർഗീസ്, ഭദ്രാസന അസംബ്ലി അംഗം അനിത സാം, യൂണിറ്റ് ട്രഷറാർ റോയി സാമുവേൽ എന്നിവർ പ്രസംഗിക്കും.

'ആധുനിക സമൂഹവും ജീവിത ശൈലിയും' എന്ന വിഷയത്തെക്കുറിച്ച് ടീന എലിസബേത്ത് തോമസ് (മുത്തൂറ്റ് നേഴ്സിംഗ് കോളജ് അസോ. പ്രൊഫസ്സർ) ക്ലാസ് നയിക്കും.

സങ്കീർത്തന ധ്യാനം...

(രണ്ടാം പേജിൽ നിന്നും തുടർച്ച)

അന്തിമവിധിയും സംബന്ധിച്ചുള്ള സങ്കീർത്തനക്കാരന്റെ വെളിപ്പെടുത്തൽ ശ്രദ്ധേയമാണ്. 2 പത്രോസ് 3:9-ൽ ഇങ്ങനെ വായിക്കുന്നു. ചിലർ താമസം എന്നു വിചാരിക്കുന്നതു പോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപ്പോകാതെ, എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ . അങ്ങനെ ദൈവം പീഡിതന്റെ നിലവിളി കേൾക്കുന്നു എന്നും അവന്റെ പക്ഷത്ത് വിധി നടത്തുന്നു എന്നതും ഒടുവിൽ ക്രിസ്തുവിന്റെ ന്യായവിധിയിൽ ദുഷ്ടന്റെ അഹങ്കാരം അവസാനിച്ചു നീതിമാൻ നിത്യ ഓഹരി പ്രാപിക്കുന്നു എന്നു നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു.

ഉപസംഹാരം: ദൈവമേ, കഷ്ടകാലത്തു എന്നെ മറന്നു കളയുന്നതെന്ത്? ഈ ചോദ്യത്തിങ്കൽ ദൈവം മുഖം തിരിപ്പിക്കുന്നവനോ, കണ്ണ് അടച്ച്, കാതും കേൾക്കാതെയിരിക്കുകയില്ല തക്കസമയത്ത് ദൈവീക പദ്ധതി നമ്മളിലൂടെ നിയോഗമെന്നവണ്ണം നിറവേറ്റപ്പെടുവാൻ നമ്മോടൊപ്പം ഉള്ള ദൈവത്തിങ്കൽ, നമ്മുടെ ജീവിതത്തെ ഭരമേൽപ്പിക്കാം. 37-ാം സങ്കീർത്തനം 5-ാം വാക്യം: "നിന്റെ വഴി യഹോവയെ ഭരമേൽപ്പിക്ക അവനിൽ തന്നെ ആശ്രയിക്ക. അവൻ അതു നിർവ്വഹിക്കും."

കുങ്കിരിപ്പെട്ടി സെന്റ് തോമസ് കത്തീഡ്രൽ ഇടവകയിലെ സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫെലോഷിപ്പ് യൂണിറ്റ് സ്വാതന്ത്ര്യദിനത്തിൽ നെറ്റിത്തൊഴു സെന്റ് ഗ്രീഗോറിയോസ് കരുണാ ഭവൻ പരിസര ശുചീകരണം നടത്തുകയും - അമ്മമാർക്കൊപ്പം -സ്നേഹ സദ്യയിൽ -പങ്കാളി കളാക്കുകയും ചെയ്തു. വികാരി ഫാ. ജോസ് ശാമുവേൽ, സഹ വികാരി റവ.ഫാ. ജസ്വിൻ ചാക്കോ, SDOF ഭദ്രാസന സെക്രട്ടറി ജയൻ കുരുവിള വട്ടമല, ഇടവകകൈക്കാരൻ സാബു മാത്യു, SDOF തേക്കടി മേഖലാ സെക്രട്ടറി റ്റിജു ജോർജ്, യൂണിറ്റ് ഭാരവാഹികളായ ലൗലി ഈശോ, ബെന്നി പാലത്തിങ്കൽ, കെ. വൈ. ലാലച്ചൻ, യൂണിറ്റ് പ്രവർത്തകർ തുടങ്ങിയവർ സേവന ക്യാമ്പിൽ പങ്കാളികളായി.

ടെലിൻ തമ്പി കേരളത്തിന് അഭിമാനം

ടഗ് ഓഫ് വാർ ഫെഡറേഷൻ ഇന്ത്യ അന്താരാഷ്ട്ര സമിതിയിൽ അംഗമാകുന്ന ആദ്യ മലയാളി

കുന്നംകുളം: വടംവലി രംഗത്ത് കേരളത്തിന് അഭിമാനമായി പഴഞ്ഞി സ്വദേശിയായ കെ. ടെലിൻ തമ്പി ടഗ് ഓഫ് വാർ ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (ടി.ഡബ്ല്യു.എഫ്.ഐ.) അഞ്ചംഗ ഇന്റർനാഷണൽ റിലേഷൻസ് കമ്മിറ്റി അംഗമായി നിയമിച്ചു.

കേരളത്തിൽ നിന്ന് ഈ സുപ്രധാന ദേശീയ സമിതിയിലേക്ക് നിയമിതനാകുന്ന ആദ്യ വ്യക്തിയെന്ന നേട്ടവും ഇതോടെ ടെലിൻ സ്വന്തമാക്കി. ഔദ്യോഗിക ഉത്തരവ്പ്രകാരം സീനിയർ കോച്ച് എന്ന നിലയിലാണ് ടെലിൻ തമ്പിയെ സമിതിയിൽ ഉൾപ്പെടുത്തിയത്. നിലവിൽ ഇന്ത്യൻ കോച്ചായി പ്രവർത്തിക്കുന്ന ടെലിൻ കേരളത്തിൽ നിന്നു നിരവധി താരങ്ങളെ ദേശീയതലത്തിൽ നിന്ന് രാജ്യാന്തര വേദികളിലേക്ക് ഉയർത്തുന്നതിൽ ശ്രദ്ധേയമായ പങ്കു വഹിച്ച പരിശീലകനാണ്.

പഴഞ്ഞി കൊള്ളന്നൂർ തമ്പിയുടെയും റിട്ട. അധ്യാപിക ലില്ലിയുടെയും മൂന്ന് മക്കളിൽ മൂത്തയാളാണ് ടെലിൻ തമ്പി. നിലവിൽ പാലക്കാടാണ് താമസം. പാലക്കാട് ജില്ലാ ടഗ് ഓഫ് വാർ അസോസിയേഷൻ സെക്രട്ടറിയായും കാലിക്കറ്റ് സർവകലാശാലയിൽ വടംവലി പരിശീലകനായും പ്രവർത്തിക്കുന്നു.

ഭാര്യ: ജിജി. മക്കളായ ക്രിസ്റ്റി കെ. ടെലിനും എലിസബത്ത് കെ. ടെലിനും വടംവലി രംഗത്ത് രാജ്യാന്തര തലത്തിൽ മത്സരിച്ചിട്ടുള്ള താരങ്ങളാണ്. ദേശീയ സമിതിയിലേക്കുള്ള ടെലിൻ തമ്പിയുടെ നേട്ടം നാടിനും കേരളത്തിന്റെ കായിക രംഗത്തിനും അഭിമാനമാണ്.

പാലക്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് മഹാ ഇടവക അംഗവും SDOF പ്രസ്ഥാനത്തിലെ സജീവ പ്രവർത്തകനുമാണ് ടെലിൻ കെ തമ്പി.